# സഹ്യനാദം

ലക്കം 06 | ജൂൺ 2024 | വാല്യം 21

ഇടുക്കി രൂപതാ ബുള്ളറ്റിൻ



## ഈശോയുടെ തിരുഹൃദയ

# തിരുനാൾ

### ജൂൺ 07



ഇടുക്കി രൂപതയ്ക്കുവേണ്ടി മ്ശംശാന പട്ടം സ്വീകരിച്ചവർ



ഇടുക്കി രൂപതയ്ക്കുവേണ്ടി ഹെവ്പദ്യാക്ക്നൂസാ പട്ടം സ്വീകരിച്ചവർ



ഇടുക്കി രൂപതയ്ക്കുവേണ്ടി കാറോയൂസ പട്ടം സ്വീകരിച്ചവർ



ഇടുക്കി രൂപതയ്ക്കുവേണ്ടി വൈദിക വസ്ത്രം സ്വീകരിച്ചവർ

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 21**
**Issue No. : 06**
**Month : June 2024**




*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*

Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com

## ഈ ലക്കത്തിൽ

ഇടയലേഖനം : വിശ്വാസപരിശീലന വർഷാരംഭം 05
ആഗോള മാധ്യമദിന സന്ദേശം ഫ്രാൻസിസ് പാപ്പാ 10
പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇടവക വൈദികർക്ക് നൽകുന്ന കത്ത് 20
നാളാഗമം 26
BISHOP'S ENGAGEMENTS 32
കച്ചേരി വാർത്തകൾ 33
മൈനർ സെമിനാരി 52
സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ 53
സന്ന്യസ്തർ 54
ക്രിസ്തുജ്യോതി 60
വിദ്യാഭ്യാസം 61
പാവനാത്മാ കോളേജ് 63
മാർ സ്ലീവാ കോളേജ് 64
സാമൂഹ്യസേവനം 65
കെ. സി. എസ്. എൽ. 66
തിരുബാലസഖ്യം 67
ചെറുപുഷ്പ മിഷൻലീഗ് 69
കെ. സി. വൈ. എം. 71
ജീസസ് യൂത്ത് 72
മാതൃവേദി 74
പ്രാർത്ഥനാ ഗ്രൂപ്പ് 77
കത്തോലിക്കാ കോൺഗ്രസ് 83
ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റിവ് 83
ആത്മജ്യോതി 84
കരുണ ആനിമേഷൻ സെന്റർ 85
പ്രവാസി അപ്പോസ്തലേറ്റ് 85
വിൻസെന്റ് ഡി പോൾ സൊസൈറ്റി 86
വാർത്തകളും വിശേഷങ്ങളും 88

**"Humility lies at the foundation of our Christian life. It is the antidote to arrogance, the worst vice. Pride and arrogance swell the human heart, but humility restores things to their proper dimension. We are marvelous yet limited creatures, with our good qualities and flaws."**

*Pope Francis, Tweet, 22-05-2024*

# ഓർമ്മിക്കാൻ

## ജൂൺ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

01 : വി. ജസ്റ്റിൻ

02 : വിശ്വാസപരിശീലനം, മിഷൻലീഗ്, തിരുബാലസഖ്യം പ്രവർത്തന വർഷാരംഭം, അടിമാലി

07 : ഈശോയുടെ തിരുഹൃദയതിരുനാൾ

07-09 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി

08 : പരി. മാതാവിന്റെ വിമലഹൃദയതിരുനാൾ

: വി. മറിയം ത്രേസ്യാ

: മാർ. അപ്രേം (09 ഞായർ)

11 : വി. ബർണ്ണബാസ് ശ്ലീഹാ

13 : പാദുവായിലെ വി. അന്തോണീസ്

: തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റ്

17 : മാതൃവേദി പ്രവർത്തന വർഷാരംഭവും ആനിമേറ്റേഴ്സ് മീറ്റും കരിമ്പൻ

22 : വി. ജോൺ ഫിഷർ, വി. തോമസ് മൂർ

24 : വി. യോഹന്നാൻ മാംദാനയുടെ ജനനം

28 : വി. ഇരണേവൂസ്

29 : വി. പത്രോസ്, വി പൗലോസ് ശ്ലീഹന്മാർ

# വിശ്വാസപരിശീലന വർഷാരംഭം

## 2024 ജൂൺ 2

ഈശോയിൽ പ്രിയ വൈദികരേ, സന്യസ്തരേ, മാതാപിതാക്കന്മാരേ, മതാധ്യാപകരേ, സഹോദരീ സഹോദരന്മാരേ, പ്രിയ കുഞ്ഞുങ്ങളെ,

പുതിയ ഒരു വിശ്വാസപരിശീലന വർഷം നമ്മൾ ആരംഭിക്കുകയാണല്ലോ. മതബോധന ക്ലാസ്സുകളുടെയും ചെറുപുഷ്പ മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും ഈ വർഷത്തെ പഠനവിഷയമായി നമ്മൾ സ്വീകരിച്ചിരിക്കുന്നത് 'ദൈവ കേന്ദ്രീകൃത കുടുംബം - ദൈവവിളികളുടെ ഉറവിടവും ശക്തിയും' എന്നതാണ്. വിശ്വാസ കൈമാറ്റത്തിന്റെ ആദ്യവേദി കുടുംബമാണ്. കെ.സി.ബി.സി. കേരളസഭാ നവീകരണത്തിന്റെ ഭാഗമായി 2022 മുതൽ 2025 വരെയുള്ള കാലഘട്ടം കുടുംബങ്ങളുടെ വിശുദ്ധീകരണത്തിന്റെ കാലമായി പ്രഖ്യാപിച്ചിരിക്കുന്നു. 'കുടുംബ വിശുദ്ധീകരണത്തിലൂടെ സഭാ നവീകരണം' എന്നതാണ് ഈ പ്രവർത്തന പദ്ധതികളുടെ മുഴുവൻ ലക്ഷ്യം. ഈ പശ്ചാത്തലത്തിൽ നമ്മുടെ രൂപതയിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളിൽ പ്രസ്തുത പഠന വിഷയത്തിന് വലിയ പ്രാധാന്യം നൽകണം.

കുടുംബം ആഴമേറിയ മനുഷ്യത്വത്തിന്റെ വിദ്യാലയമാണ് (സഭ ആധുനിക ലോകത്തിൽ No. 52). സ്നേഹത്തിന്റെ, പങ്കുവയ്ക്കലിന്റെ, കൂട്ടായ്മയുടെ ഭാവങ്ങൾ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാവണം. നമ്മുടെ കുടുംബങ്ങളിൽ ആഴമായ ദൈവസ്നേഹവും പരസ്നേഹവും പ്രേഷിത ചൈതന്യവും പരിശീലിപ്പിക്കപ്പെടേണ്ടതുണ്ട്. സഭയുടെ ദൗത്യം കുടുംബങ്ങളിലാണ് ആരംഭിക്കുക. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'ഫമിലിയാരിസ് കോൺസോർസിയോ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ കുടുംബത്തെ 'സഭയുടെ വഴിയായി' ചൂണ്ടിക്കാണിക്കുന്നുണ്ട്. സഭയുടെ വിശ്വാസ തീക്ഷ്ണതയും പ്രേഷിതത്വവും കുടുംബങ്ങളിലാണ് വേരൂന്നി നിൽക്കുന്നത്.

നന്മനിറഞ്ഞവളും ദൈവവചനത്തിൽ അടിയുറച്ച് വിശ്വസിച്ചവളുമായ ഒരു അമ്മയുടെ മകനായി ജനിച്ച ദൈവപുത്രൻ, നീതി

മാനായ ഒരു പിതാവിന്റെ പരിപാലനയിൽ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിനും മനുഷ്യർക്കും പ്രിയങ്കരനായി വളർന്ന് കുടുംബത്തെ തിരുക്കുടുംബമാക്കി മാറ്റി (ലൂക്കാ 2:52) ലോകത്തിലെ മറ്റു കുടുംബങ്ങൾക്ക് എല്ലാം അനുകരണീയ മാതൃകയേകി. തിരുക്കുടുംബത്തിന്റെ മാതൃകയിൽ നമ്മുടെ കുടുംബങ്ങളും ദൈവരാജ്യ പ്രഘോഷണത്തിന്റെ പ്രേഷിതരെ വാർക്കുന്ന ഇടങ്ങൾ ആകണം.

'കുടുംബം ക്രൈസ്തവ ജീവിതത്തിന്റെ പ്രഥമ വിദ്യാലയവും ഉന്നത മാനവികതയുടെ പാഠശാലയുമാണെന്ന്' കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിലെ ഈ നിരീക്ഷണം എത്ര മനോഹരമാണ് (CCC 1657). സങ്കുചിതമായ ജീവിത ദർശനങ്ങളിൽ നിന്ന് കൂട്ടായ്മയുടെയും പങ്കുവയ്പ്പിന്റെയും സമർപ്പണത്തിന്റെയും ക്രൈസ്തവ ദർശന വിശാലതയിലേക്കുള്ള വളർച്ചയ്ക്കു വേണ്ട ഊർജ്ജം ഓരോരുത്തരും സംഭരിക്കുന്നത് കുടുംബങ്ങളിൽ നിന്നു തന്നെയാണ്. സമർപ്പണവും പങ്കുവയ്ക്കലുമാണ് ദൈവവിളിയുടെ കാതൽ എന്നു നമുക്കെല്ലാവർക്കും അറിയാം. അതായത് ഉത്തമ കുടുംബം ഇല്ലെങ്കിൽ ഉത്തമ ദൈവവിളികളും ഉണ്ടാവില്ല. 'എല്ലാവരും വിളിക്കപ്പെടുന്നത് വിശുദ്ധിയിലേക്കാണ്. അതിന്റെ ആത്മാവ് സ്നേഹമാണ്' (CCC 826). ഉത്തമവിവാഹ ജീവിതത്തിനും സന്യാസത്തിനും പൗരോഹിത്യത്തിനും വളമാവുന്നതും നനവാകുന്നതും വിശുദ്ധിയും സ്നേഹവുമാണ്. ആ വിശുദ്ധിയും സ്നേഹവും വിശ്വാസ പരിശീലനം വഴി നമ്മുടെ കുടുംബങ്ങളിൽ നിറയണം. ഇപ്രകാരം നിറയപ്പെടുമ്പോൾ നമ്മുടെ കുടുംബങ്ങൾ നല്ല ദൈവവിളികൾക്ക് വളക്കൂറുള്ള മണ്ണായി തീരും.

നമ്മുടെ കുട്ടികൾ ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടുകയും അറിയുകയും അനുഭവിക്കുകയും ചെയ്യണമെങ്കിൽ നമ്മുടെ കുടുംബങ്ങൾ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടേണ്ടിയിരിക്കുന്നു. വി. ലൂക്കായുടെ സുവിശേഷത്തിൽ (ലൂക്കാ 6:46-49) ആഴത്തിൽ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ട് വീടു പണിത മനുഷ്യനെപ്പറ്റി പറയുന്നുണ്ട്. വെള്ളപ്പൊക്കം ഉണ്ടാവുകയും ഒഴുക്ക് അതിന്മേൽ ആഞ്ഞടിക്കുകയും ചെയ്തു. എന്നാൽ ആ വീടിനെ ഇളക്കുവാൻ കഴിഞ്ഞില്ല, എന്തെന്നാൽ, അതു ബലിഷ്ഠമായി പണിയപ്പെട്ടിരുന്നു. നമ്മുടെ കുടുംബങ്ങൾ ശിഥിലമാകുന്നതിന്റെ ഒരു പ്രധാന കാരണം നമ്മുടെ കുടുംബങ്ങൾ പ്രാർത്ഥനയാകുന്ന ഉറച്ച അടിസ്ഥാനത്തിന്മേൽ പണിയ

പ്പെടുന്നില്ല എന്നതാണ്. കുടുംബം നിലനിൽക്കുന്നത് പ്രാർത്ഥന വഴിയാണ്. ‘‘നിന്റെ ദൈവമായ കർത്താവിന്റെ വാക്കുകേട്ട് ഇന്നു ഞാൻ നിനക്കു നൽകുന്ന കൽപനകളെല്ലാം സൂക്ഷ്മമമായി പാലിക്കുമെങ്കിൽ അവിടുന്ന് നിന്നെ ഭൂമിയിലെ മറ്റെല്ലാ ജനതകളെയുംകാൾ ഉന്നതനാക്കും. അവിടുത്തെ വചനം ശ്രവിച്ചാൽ അവിടുന്ന് ഈ അനുഗ്രഹങ്ങളെല്ലാം നിന്റെ മേൽ ചൊരിയും. നഗരത്തിലും വയലിലും നീ അനുഗൃഹീതനായിരിക്കും. നിന്റെ സന്തതികളും വിളവുകളും മൃഗങ്ങളും കന്നുകാലിക്കൂട്ടവും ആട്ടിൻപറ്റവും അനുഗ്രഹിക്കപ്പെടും. നിന്റെ അപ്പക്കുട്ടയും മാവുകുഴയ്ക്കുന്ന കലവും അനുഗ്രഹിക്കപ്പെടും. സകല പ്രവൃത്തികളിലും നീ അനുഗൃഹീതനായിരിക്കും’’ (നിയ 28:1–6). നമ്മുടെ കുടുംബങ്ങളെ വീണ്ടും പ്രാർത്ഥനയുടെ പരിപാവനമായ വഴിയിലേക്ക് മടക്കിക്കൊണ്ടുവരുവാൻ ഈ വർഷത്തെ വിശ്വാസ പരിശീലന പ്രവർത്തനങ്ങൾ വഴി നമുക്കു സാധിക്കണം.

പൗരോഹിത്യത്തിലേക്കും സമർപ്പിതജീവിതത്തിലേക്കും ദൈവവിളികൾ കുറഞ്ഞുവരികയാണ്. കുടുംബങ്ങളിൽ മുളയെടുക്കുന്ന പൗരോഹിത്യത്തിലേയ്ക്കും സന്യാസത്തിലേയ്ക്കുമുള്ള ദൈവവിളികളെ വളർത്തിക്കൊണ്ടുവരുന്നതിനും പരിപോഷിപ്പിക്കുന്നതിനും മതാധ്യാപകർക്ക് വലിയ പങ്കുണ്ട്. ‘‘ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ നിങ്ങൾക്കുവേണ്ടി ഞാൻ ഈറ്റുനോവ് അനുഭവിക്കുന്നു’’ (ഗലാ 4:19) എന്ന് വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തു ചൈതന്യത്തിൽ നമ്മുടെ കുട്ടികളെ രൂപപ്പെടുത്താൻ മതാധ്യാപകർ നിതാന്ത ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇത്തരത്തിൽ മാതാപിതാക്കളും മതാധ്യാപകരും ഇടവകയിലെ വൈദികരോടും സന്യസ്തരോടും ഒത്തുചേർന്ന് പരിശ്രമിക്കുമ്പോൾ നമ്മുടെ കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലങ്ങളാകും.

കുടുംബമാണ് വിശ്വാസ പരിശീലനത്തിന്റെ പ്രഥമ പാഠശാല. മാതാപിതാക്കളാണ് ആദ്യത്തെ വിശ്വാസപരിശീലകർ. പ്രാർത്ഥനയുടെ പ്രാധാന്യവും, സാഹോദര്യത്തിന്റെ ആനന്ദവും, ക്ഷമിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന സ്നേഹവും കുഞ്ഞുങ്ങൾ പഠിക്കേണ്ടത് തങ്ങളുടെ മാതാപിതാക്കന്മാരിൽ നിന്നാണ്. വ്യക്തിപരമായി പ്രാർത്ഥിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കണം. ‘‘കർത്താവ് എപ്പോഴും എന്റെ കൺമുൻപിലുണ്ട്; അവിടുന്ന് എന്റെ വലത്തുഭാഗത്തുള്ളതു കൊണ്ടു ഞാൻ കുലുങ്ങുകയില്ല’’ (സങ്കീ 16:8). കുടും

ബാംഗങ്ങൾ ഒരുമിച്ച് ജപമാല ചൊല്ലണം. എല്ലാ ഞായറാഴ്ചകളിലും സാധിക്കുന്ന എല്ലാ ഇടദിവസങ്ങളിലും വിശുദ്ധ കുർബാനയിൽ മക്കളോടൊപ്പം താല്പര്യപൂർവ്വം പങ്കുചേരണം. ഇടവക പ്രവർത്തനങ്ങളിൽ മുതിർന്നവരും കുട്ടികളും സജീവമാവുകയും വേണം. ഇടവകകൾ നമ്മുടെ ക്രൈസ്തവ കൂട്ടായ്മയുടെ അടിസ്ഥാന കേന്ദ്രമായി പ്രശോഭിക്കണം.

പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് പോലെ ''നിങ്ങൾ ഈലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും'' (റോമാ 12:2). നാം ആത്മപരിശോധന നടത്തണം. നമ്മുടെ കുടുംബങ്ങളിൽ ഭക്ഷണത്തിനു മുമ്പ് നാം പ്രാർത്ഥിക്കാറുണ്ടോ? സായാഹ്നങ്ങളിൽ കുടുംബം ഒന്നിച്ച് പ്രാർത്ഥിക്കുകയും വചനം വായിക്കുകയും ചെയ്യാറുണ്ടോ? ഉറങ്ങുന്നതിനുമുമ്പ് പ്രാർത്ഥന ചൊല്ലുവാനും ഉണരുമ്പോൾ ദിവസത്തെ ദൈവത്തിനു സമർപ്പിച്ച് കിടക്കയിൽ നിന്ന് എഴുന്നേൽക്കാനും നാം കുട്ടികളെ പരിശീലിപ്പിക്കാറുണ്ടോ? നമ്മുടെ ഇടവകയിലെ ഭക്തസംഘടനകൾ മാതൃവേദി, പിതൃവേദി, ഗായകസംഘം, അൾത്താര ബാലസംഘം ഇവയിലൊക്കെ നമ്മുടെ കുടുംബങ്ങൾ എങ്ങനെ പങ്കെടുക്കുന്നു? ജീവന്റെ വാഹകരാകാനും ഉത്തരവാദിത്വമുള്ള മാതാപിതാക്കൾ ആകാനും നാം ശ്രദ്ധിക്കുന്നുണ്ടോ?

പ്രിയ മാതാപിതാക്കളെ, നിങ്ങളുടെ വിവാഹ ദൈവവിളിയെ ആദരിക്കാനും ദൈവം ദാനമായി തരുന്ന കുഞ്ഞുങ്ങളെ സ്നേഹപൂർവ്വം സ്വീകരിക്കാനും വിശ്വാസത്തിൽ വളർത്താനും ഞാൻ നിങ്ങളെ ഏറെ സ്നേഹത്തോടെ ഉദ്ബോധിപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പ 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ കുറിച്ചിട്ട മനോഹരമായ ഒരു പ്രാർത്ഥനയുണ്ട്: 'ഓ തിരുക്കുടുംബമേ, യഥാർത്ഥ സ്നേഹത്തിന്റെ തിളക്കം അങ്ങിൽ കണ്ടുകൊണ്ടും ധ്യാനിച്ചുകൊണ്ടും ഞങ്ങൾ വിശ്വസ്തതയോടെ അങ്ങേ പക്കൽ വരുന്നു'. സ്നേഹമുള്ളവരെ, നമ്മുടെ കുടുംബങ്ങൾ ദൈവവിളിയുടെ വിളനിലമാകുവാൻ നസ്രത്തിലെ ആ തിരുക്കുടുംബത്തെ നമുക്ക് മാതൃകയാക്കാം. ഈ വർഷത്തെ നമ്മുടെ വിശ്വാ

സപരിശീലന പ്രവർത്തനങ്ങളെ തിരുക്കുടുംബത്തിന് സമർപ്പിച്ചു കൊണ്ട് നമുക്ക് ആരംഭിക്കാം.

നമ്മുടെ സൺഡേ സ്കൂളുകളും പ്രേഷിത സംഘടനകളായ ചെറുപുഷ്പ മിഷൻലീഗും തിരുബാലസഖ്യവും കൂടുതൽ സജീവമാക്കാം. മിഷനറി ചൈതന്യം കുട്ടികളിൽ നിറയ്ക്കുന്നതിന് വലിയ പങ്കുവഹിക്കുന്ന സംഘടനകളാണ് ചെറുപുഷ്പ മിഷൻലീഗും തിരുബാലസഖ്യവും. വിശ്വാസ പരിശീലന രംഗത്ത് തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന എല്ലാ മാതാപിതാക്കളെയും അല്മായ വിശ്വാസ പരിശീലകരെയും വൈദികരെയും സമർപ്പിതരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

നല്ല ദൈവവിളികളുടെ ഉറവിടവും ശക്തിയുമായി നമ്മുടെ കുടുംബങ്ങൾമാറട്ടെ. അതിനായി പരിശുദ്ധ ത്രിത്വത്തിലെ കൂട്ടായ്മ നമുക്ക് ശക്തി പകരട്ടെ.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

✝ മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ

NB: ഈ ഇടയലേഖനം ജൂൺ 2-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

# ആഗോള മാധ്യമദിന സന്ദേശം

## ഫ്രാൻസിസ് മാർപാപ്പ

### "നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും : സമ്പൂർണമായ മാനുഷിക ആശയവിനിമയത്തിലേക്ക്"

പ്രിയ സഹോദരീ സഹോദരന്മാരെ,

ലോകസമാധാനദിനത്തോടനുബന്ധിച്ച് നിർമിതബുദ്ധിയെക്കുറിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചും ഒരു സന്ദേശം ഞാൻ നല്കിയിരുന്നു. അറിവിന്റെയും ആശയവിനിമയത്തിന്റെയും മേഖലയെ സമൂലമായി ബാധിക്കുന്ന സങ്കേതമാണത്. ഇത് സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ സ്വാധീനിക്കാൻ പോന്നതാണ്. ഈ മേഖലയിലെ വിദഗ്ധരെ മാത്രമല്ല ഈ മാറ്റങ്ങൾ ബാധിക്കുക, പ്രത്യുത, നാം ഓരോരുത്തരെയുമത്രേ. അദ്ഭുതകരമായ ഈ നൂതന ആവിഷ്കാരങ്ങളുടെ ത്വരിതഗതിയിലുള്ള വ്യാപനവും അവയുടെ പ്രവർത്തനശൈലിയും സാധ്യതകളും സമഗ്രമായി മനസ്സിലാക്കാനും അംഗീകരിച്ചാസ്വദിക്കാനും ഉള്ള കഴിവ് നമ്മിൽ ഭൂരിഭാഗം ആളുകൾക്കും ഇല്ല. ഒരേസമയം അത് അതിശയിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമത്രേ! മനുഷ്യസ്വഭാവത്തെക്കുറിച്ചും മനുഷ്യന്റെ അനന്യതയെക്കുറിച്ചും മനുഷ്യകുലത്തിന്റെ ഭാവിയെക്കുറിച്ചും ആഴത്തിലുള്ള ചില ചോദ്യങ്ങൾ, സ്വാഭാവികമായും ഉന്നയിക്കാൻ നിർമിതബുദ്ധിയുടെ ഇക്കാലം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. ഉദാത്തമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഈ സാംസ്കാരിക പരിണാമത്തെ സമുചിതമായി നയിക്കാനും പൂർണ മനുഷ്യനായി വ്യാപാരിക്കാനും എങ്ങനെയാണ് നമുക്ക് സാധിക്കുക?

**ആരംഭം ഹൃദയത്തിൽ നിന്നാകട്ടെ!**

എല്ലാറ്റിനും ഉപരിയായി, കൊടിയ ദുരന്തത്തെക്കുറിച്ചുള്ള പ്രവചനത്തെയും മരവിപ്പ് ഉണ്ടാക്കുന്ന അതിന്റെ പ്രത്യാഘാതങ്ങളെയും നമുക്കു തള്ളിക്കളയാം. ഒരു നൂറ്റാണ്ടിനു മുൻപ്, റൊമാനോ ഗ്വർദീനി (Romano Guardini) സാങ്കേതികവിദ്യയെക്കുറിച്ചും മനുഷ്യ

കുലത്തെക്കുറിച്ചും വിചിന്തനം നടത്തി. 'അപ്രത്യക്ഷമാകാൻ വിധിക്കപ്പെട്ട മനോഹരമായ ഒരു ലോകത്തെ പരിരക്ഷിക്കാനുള്ള 'ഉദ്യമത്തിൽ നവമായതിനെ' തിരസ്കരിക്കരുത് എന്നായിരുന്നു ഗ്വർദീനി നമ്മോടാഹ്വാനം ചെയ്തത്. അതേസമയം പ്രവാചകധീരതയോടെ അദ്ദേഹം നല്കുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമായത്രേ!' നാം ആയിരിക്കുന്നത്, നിരന്തരം ആയിത്തീരാനുള്ള പ്രക്രിയയിലാണ്' (We are constantly in the process of becoming). ഓരോ വ്യക്തിയും തങ്ങളുടേതായ രീതിയിൽ തുറന്ന മനസ്സോടും, മനുഷ്യത്വരഹിതവും നശീകരണ സ്വഭാവമുള്ള സകലതിനെയും കുറിച്ചുള്ള തികഞ്ഞ സംവേദനക്ഷമതയോടും ഈ പ്രക്രിയയിലേക്ക് പ്രവേശിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഉപസംഹാരം ഇങ്ങനെ: 'ഇവയെല്ലാം സാങ്കേതികവും ശാസ്ത്രീയവും രാഷ്ട്രീയവുമായ സമസ്യകളാണ്. എന്നാൽ, അവയ്ക്കുള്ള പരിഹാരം, സമാധാനം, ആരംഭിക്കേണ്ടത് നമ്മുടെ മനുഷ്യസ്വഭാവത്തിൽ നിന്നുതന്നെയാകണം ആഴമായ ആത്മീയതയും നവമായ സ്വാതന്ത്ര്യവും ആന്തരികതയും കൊണ്ട് അനുഗൃഹീതമായ പുതിയൊരു മനുഷ്യൻ രൂപപ്പെടേണ്ടതുണ്ട്.' [1]

ചരിത്രത്തിലെ ഈ നിർണായകഘട്ടത്തിൽ, സാങ്കേതികവിദ്യയിൽ സമ്പന്നരായിരിക്കുമ്പോൾ തന്നെ മനുഷ്യത്വത്തിൽ ദരിദ്രരായിരിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. അപ്പോൾ നമ്മുടെ പരിചിന്തനങ്ങൾ ആരംഭിക്കേണ്ടത് മനുഷ്യഹൃദയത്തിൽനിന്നുതന്നെയാകണം. [2] സത്യദർശനത്തിൽ ഒരു ആത്മീയവീക്ഷണം സ്വീകരിക്കുന്നതിലൂടെ, ഹൃദയജ്ഞാനം വീണ്ടെടുക്കുന്നതിലൂടെ മാത്രമേ നമ്മുടെ കാലഘട്ടത്തിന്റെ നൂതനത്വത്തെ അഭിമുഖീകരിക്കാനും വ്യാഖ്യാനിക്കാനും സാധ്യമാവൂ! സമ്പൂർണമായ മാനുഷിക ആശയവിനിമയവും അങ്ങനെ മാത്രമേ സാക്ഷാത്കരിക്കാനാവൂ. ബൈബിളിൽ സ്വാതന്ത്ര്യത്തിന്റെയും തീരുമാനങ്ങളെടുക്കുന്നതിന്റെയും ഇടമായിക്കാണുന്നത് ഹൃദയത്തെയത്രേ! അത് പ്രതീകവത്കരിക്കുന്നത് ഉദ്ഗ്രഥനവും ഐക്യവുമാണ്. അതേസമയം അത് നമ്മുടെ വികാരവിചാരങ്ങളെയും സ്വപ്നങ്ങളെയും ഉൾക്കൊള്ളുന്നുമുണ്ട്. സർവോപരി, ദൈവവുമായി കണ്ടുമുട്ടുന്ന ഒരു ആന്തരികതലം കൂടി അതിനുണ്ട്. ഹൃദയജ്ഞാനം സാകല്യത്തെ അതിന്റെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സവിശേഷസിദ്ധി നമുക്കു സമ്മാനിക്കാൻ പോന്നതാണ്. നമ്മുടെ തീരുമാനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും കുലീനതയും രോഗാതുരതയും ഭൂതവും ഭാവിയും

വ്യക്തിത്വവും വലിയൊരു സമുദായത്തിലെ അംഗത്വവും എല്ലാം ആശ്ലേഷിക്കുന്ന ഒന്നാണത്.

ഹൃദയത്തിന്റെ ജ്ഞാനം അതിനെ തീക്ഷ്ണതയോടെ അന്വേഷിക്കുന്നവർക്ക് സംലഭ്യമാണ്. അതിനെ സ്നേഹിക്കുന്നവർക്ക് അത് ദർശിക്കാനും, അതിനെ ആശ്രയിക്കുന്നവർക്ക് അതു മുൻകൂട്ടിത്തന്നെ ആർജിക്കാനും കഴിയും. അതിനു യോഗ്യരായവരെ തേടിപ്പോകുന്ന ഒന്നാണത് (ജ്ഞാനം 6:12–16) ഉപദേശം സ്വീകരിക്കുന്നവരുടെ കൂടെയാണ് വിവേകം. (സുഭാഷിതങ്ങൾ 13:10) ശ്രവിക്കാനുള്ള ഹൃദയമുള്ളവനെയും ശിക്ഷണം വേണ്ടവനെയും അത് അനുഗമിക്കും. (1 രാജാ 3:9) പരിശുദ്ധാത്മാവിന്റെ ദാനമായ അത് ദൈവത്തിന്റെ കണ്ണുകളോടെ എല്ലാം ദർശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. പാരസ്പര്യത്തെയും സാഹചര്യങ്ങളെയും സംഭവങ്ങളെയും അവയുടെ മൂടുപടം നീക്കി, അവയുടെ യഥാർഥ അർഥതലങ്ങൾ മനസ്സിലാക്കിത്തരാൻ പോന്നതാണത്. ഇത്തരമൊരു ജ്ഞാനമില്ലാതെ ജീവിതം രുചിയും രൂക്ഷതയുമില്ലാത്തതാകുന്നു. ജ്ഞാനം എന്ന പദത്തിന്റെ കൃത്യമായ അർഥം അതിന്റെ ലത്തീൻ മൂലമായ സപ്പേരെ (sapere) എന്ന പദവും അതിന്റെ നാമരൂപമായ സപ്പോർ (sapor) എന്ന പദവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നത്. 'സപ്പോർ' എന്ന ലത്തീൻ പദത്തിന്റെ അർഥം 'രുചി പകരുക' എന്നർഥം വരുന്ന 'Savour' എന്ന ഇംഗ്ലീഷ് പദവുമായി ബന്ധപ്പെട്ടാണ് നില്ക്കുന്നത്.

**അവസരവും അപകടവും**

ഇത്തരം ജ്ഞാനം യന്ത്രങ്ങളിൽനിന്നു ലഭ്യമല്ല. നിർമിതബുദ്ധിയെ ഇന്നു വിളിക്കുന്ന ഓമനപ്പേരാണ് യന്ത്ര പഠനം അഥവാ മെഷീൻ ലേണിങ് (Machine learning). ശാസ്ത്രസാഹിത്യത്തിൽ ഇന്ന് ഉപയോഗിക്കുന്ന സംജ്ഞയാണത്. ഇവിടെ ഉപയോഗിക്കപ്പെടുന്ന ബുദ്ധി (Intelligence) എന്ന പദത്തിന്, മനുഷ്യരെ വഴിതെറ്റിച്ചുനയിക്കാനുള്ള സ്വഭാവമുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വയ്ക്കുന്നതിനും പരസ്പരം സ്ഥിതിവിവരണ കണക്കുകൾ ബന്ധപ്പെടുത്തി താരതമ്യം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും മനുഷ്യനെക്കാൾ കഴിവ് യന്ത്രത്തിനുണ്ട് എന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ അവയുടെ അർഥതലങ്ങൾ മനസ്സിലാക്കാൻ മനുഷ്യന് മാത്രമേ സാധിക്കൂ. മനുഷ്യനെപ്പോലെ കാണപ്പെടുന്ന രീതിയിൽ യന്ത്രത്തെ നിർമിക്കുക എന്ന കർമമായി ഇതിനെ ലഘൂകരിച്ചു

കാണാനാവില്ല. തങ്ങൾ സർവശക്തരാണെന്ന മിഥ്യാധാരണയുടെ അടിസ്ഥാനം തങ്ങൾ പരിപൂർണമായ സ്വയംഭരണാധികാരം ഉള്ള വരാണെന്നും കൂടിയാലോചനകൾ ഒന്നും കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ പോന്നവരാണെന്നും ഉള്ള താൻപോരിമയാണ്. സാമൂഹികമായ ഉത്തരവാദിത്വങ്ങളും കടപ്പാടും തങ്ങൾക്കില്ലായെ ന്നുമാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം. തങ്ങൾ ദൈവ ത്തിന്റെ സൃഷ്ടികളാണെന്ന അന്തസ്സും യാഥാർഥ്യവും ഇക്കൂട്ടർ സൗ കര്യപൂർവം മറക്കുകയാണ്.

സർവവും തികഞ്ഞവരല്ല തങ്ങൾ എന്ന യാഥാർത്ഥ്യം എല്ലാ ക്കാലത്തും മനുഷ്യർ തിരിച്ചറിഞ്ഞിട്ടുള്ള ഒരു വസ്തുതയത്രേ. സാധ്യമായ എല്ലാ മാർഗങ്ങളും ഉപയോഗിച്ച് ഈ പരിമിതികളെയും രോഗാതുരതയെയും മുറിവേൽക്കപ്പെടാനുള്ള സാധ്യതയെയും മറികടക്കാനും തരണം ചെയ്യാനും മനുഷ്യർ യത്നിച്ചിട്ടുണ്ട്. ചരിത്രാ തീതകാലം മുതലുള്ള മനുഷ്യന്റെ കലയുടെയും കരകൗശലത്തി ന്റെയും ഉൽപന്നങ്ങളെല്ലാം മനുഷ്യകരങ്ങളുടെ ഒരു വികസിതരൂപം അല്ലെങ്കിൽ കൂട്ടിച്ചേർപ്പ് (Extention) അത്രേ. അതുപോലെ, മാധ്യമം (Media) മനുഷ്യർ ഉരുവിട്ട വാക്കുകളുടെ വികസിതരൂപമായി പരിണമിച്ചു. നവസാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ള അതിസങ്കീർണ ങ്ങളായ യന്ത്രങ്ങളുടെ സഹായത്താൽ ഇന്ന് മനുഷ്യന്റെ ചിന്തകളെ ത്തന്നെ സഹായിക്കാമെന്ന അവസ്ഥയാണുള്ളത്. കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉല്പത്തി 'കൂടെ ചിന്തിക്കുക' യെന്ന അർഥം വരുന്ന 'Com-puto' (കം-പൂത്തോ) എന്ന ലത്തീൻ പദത്തിൽ നിന്നത്രേ. ഓരോ ഉപകരണവും ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലനില്ക്കു ന്നുണ്ട്. ദൈവത്തെ കൂടാതെ ദൈവമാകാനുള്ള ആദിമകാലം തൊ ട്ടുള്ള, മനുഷ്യന്റെ പ്രലോഭനം തന്നെയാണ് അതിനുള്ള കാരണം (നോക്കുക ഉല്പത്തി 3). ദൈവകൃപപോലെ സൗജന്യമായി ലഭിക്കേ ണ്ടതും സമ്മാനമായി സ്വീകരിച്ച് സർവരും കൂട്ടായ്മയിൽ ആസ്വദി ക്കേണ്ടതുമായതിനെ സ്വന്തം പ്രയത്നത്താൽ നേടിയെടുക്കാം എന്ന ചിന്തയും ഇതിനു പിറകിലുണ്ട്. ഹൃദയത്തിന്റെ ആഭിമുഖ്യവും ചായ്‌വും അനുസരിച്ച്, കരഗതമായിട്ടുള്ളവയെല്ലാം ഒരേസമയം ഒരവസരവും ഭീഷണിയുമത്രേ. ആശയവിനിമയത്തിനും കൂട്ടായ്മയ്ക്കും ആയി സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരംതന്നെ ഹിംസയുടെയും കൊടിയ ആക്ര മത്തിന്റെയും ഉപകരണമായി മാറാം. അതുപോലെതന്നെ, മനുഷ്യന്റെ സാങ്കേതികമായ കൂട്ടിച്ചേർക്കലുകൾ മനുഷ്യരുടെ സ്നേഹസേവന

ത്തിനായും ശത്രുതാപരമായ പ്രാമാണ്യത്തിനായും അധിനിവേശ ത്തിനായും ഉള്ള ഉപകരണങ്ങളായി ഉപയോഗിക്കപ്പെടാം. ആർട്ടി ഫിഷൽ ഇന്റലിജൻസ് സംവിധാനങ്ങൾക്ക് അജ്ഞതയെ അകറ്റി, വിവിധ  ജനങ്ങൾക്കിടയിലും തലമുറകൾക്കിടയിലും അറിവ് കൈ മാറ്റം ചെയ്യുന്നതിനും സഹായകരമായി വർത്തിക്കാം. ഉദാഹരണ ത്തിന്, പുരാതനയുഗത്തിലെ രേഖപ്പെടുത്തപ്പെട്ട അറിവിന്റെ ബൃഹ ത്തായ പൈതൃകത്തെ സംലഭ്യമാക്കാനും മനസ്സിലാക്കിക്കൊടു ക്കാനും നിർമ്മിതബുദ്ധിക്കു സാധിക്കും. പൊതുവായ ഒരു ഭാഷയി ല്ലാത്ത വ്യക്തികൾക്കിടയിലും ആശയവിനിമയം സാധ്യമാക്കാൻ പോന്നതാണത്. എന്നിരുന്നാലും അതേസമയം, വൈജ്ഞാനികമായ മലിനീകരണത്തിന്റെ (Cognitive pollution)  ഒരു സ്രോതസായി അതു മാറാം. സത്യത്തെ വക്രീകരിച്ച്  ഭാഗികമോ സമ്പൂർണമോ ആയ തെറ്റായ ആഖ്യാനങ്ങളിലൂടെ, അതാണ് സത്യം എന്ന് പ്രചരിപ്പി ക്കാനും പ്രക്ഷേപണം ചെയ്തു ജനങ്ങളെ വിശ്വസിപ്പിക്കാനും ഉള്ള സാധ്യത ഏറെയാണ്. വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് തെറ്റായ വിവരം മനപ്പൂർവം നല്കുക (Disinformation) എന്നത് ദീർഘകാലമാ യുള്ള പ്രശ്നമത്രേ. [3] ആഴമായ വ്യാജം  (Deep fake) ഉപയോഗിച്ച്, തികച്ചും വിശ്വസനീയമായ രീതിയിൽ സചിത്രമായി അവതരിപ്പിച്ചു കൊണ്ടുള്ള അസത്യപ്രസ്താവനകൾ ഇന്ന് സാധ്യമാണ് [ഞാനും ഇങ്ങനെ ഇരയാക്കപ്പെട്ടിട്ടുണ്ട്]. ഒരു വ്യക്തി ഒരിക്കലും പറയാത്ത കാര്യങ്ങൾ പോലും, അയാളുടെതന്നെ ശബ്ദവും വാക്കുകളും ഉപ യോഗിച്ചുകൊണ്ടുള്ള ശബ്ദ സന്ദേശങ്ങൾ (Audio messages) ഇന്ന് പ്രചരിപ്പിക്കാനാവും! ഇത്തരം പ്രോഗ്രാമുകളുടെ പുറകിലുള്ള കൃ ത്രിമ മാതൃകയും അനുകരണ സാങ്കേതിക വിദ്യയും (Technology of simulation) ചില സാഹചര്യങ്ങളിൽ, മേഖലകളിൽ, ഉപയോഗപ്രദ മാണ്. മനുഷ്യബന്ധങ്ങളെ വക്രീകരിച്ചു ശിഥിലമാക്കുകയും സത്യത്തെ വളച്ചൊടിക്കുകയും ചെയ്യുമ്പോൾ അത് വികൃതമായി ത്തീരുന്നു.

നിർമിതബുദ്ധിയുടെ ആദ്യ തരംഗം ഉണ്ടായ സാമൂഹിക മാധ്യമങ്ങളിലെ ഈ അവ്യക്തതയും ധൈര്യവും നാം അനുഭവിച്ച റിഞ്ഞതാണ്. സാമൂഹിക മാധ്യമത്തിന് ഏറെ സാധ്യതയുള്ളപ്പോൾ തന്നെ അപകട സാധ്യതകളും അതുമായി ബന്ധപ്പെട്ട രോഗലക്ഷണ ങ്ങളുമുണ്ട്. നിർമിതബുദ്ധിയുടെ രണ്ടാമത്തെ ലെവലായ, ഉപമേഖല യായ ജനറേറ്റിവ് ആർട്ടിഫിഷൽ ഇന്റലിജൻസ് പ്രതിനിധികരിക്കു

ന്നത് ഉചിതമായ ഒരു കുതിച്ചുചാട്ടം തന്നെയാണെന്നത് അവിതർക്കിതമാണ്. എന്നാൽ ഇവിടെയും വേണ്ട നിയന്ത്രണങ്ങൾ ആവശ്യമാണ്. അവയെ വേണ്ടവിധം മനസ്സിലാക്കുകയും അംഗീകരിച്ചാദരിക്കുകയും ചെയ്യുമ്പോൾത്തന്നെ അവ തെറ്റായ കരങ്ങളിൽ എത്തപ്പെട്ട് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യധിഷണയുടെയും നൈപുണ്യത്തിന്റെയും ഏത് ഉൽപ്പന്നം പോലെത്തന്നെ അൽഗോരിതങ്ങളും നിഷ്പക്ഷമല്ല. അക്കാരണത്താൽ, അവയുടെ ദുരുപയോഗം തടയുന്നതിനുള്ള സത്വരനടപടികൾ ആവശ്യമാണ്. ധാർമിക നിയന്ത്രണങ്ങളെ സമാദരിക്കുന്ന മാതൃകകളാണ് നിർദേശിക്കേണ്ടത്. സാമൂഹികനീതിക്കു നിരക്കാത്തതും മനുഷ്യർക്കിടയിൽ വിഭാഗീയതയും ശത്രുതയും സൃഷ്ടിക്കുന്ന തരത്തിൽ അവ ഉപയോഗിക്കപ്പെടാതെ നോക്കേണ്ടതുണ്ട്. ബഹുസ്വരതയെ ഹനിക്കുന്നതിനും പൊതുജനാഭിപ്രായത്തെ ഒരു പ്രത്യേക വിഭാഗത്തിന് വേണ്ടി മാത്രം അട്ടിമറിക്കുന്നതിനും അവസരമൊരുക്കാൻ പാടില്ല. അന്തർദേശീയ സമൂഹത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത് 'നിർമ്മിതബുദ്ധിയുടെ വികസനവും വിവിധരീതിയിലുള്ള ഉപയോഗവും സംബന്ധിച്ച് ഏവർക്കും ബാധകമായ ഒരു അന്തർദേശീയ ഉടമ്പടി രൂപപ്പെടുത്തുന്നതിൽ സഹകരിച്ച് പ്രവർത്തിക്കണമെന്നത്രേ.' [4] അതേ സമയം ഏതൊരു മാനുഷിക സാഹചര്യത്തിലുമുള്ളതുപോലെ നിയന്ത്രണങ്ങൾ മാത്രം മതിയാവും എന്നു ധരിക്കരുത്.

**മനുഷ്യത്വത്തിൽ ഉള്ള വളർച്ച**

കൂട്ടായ വളർച്ചയിലേക്കാണു നാമേവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വളർച്ച മനുഷ്യത്വത്തിലേക്കുള്ള വളർച്ചയും മനുഷ്യമഹാകുടുംബത്തിന്റെ വളർച്ചയുമത്രേ. ബഹുസ്വരവും വിവിധ വർഗങ്ങളെയും ജനത്തിനെയും ഉൾക്കൊള്ളുന്നതും വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്നതുമായ ഒരു സങ്കീർണമായ സമൂഹത്തിന്റെ സംരചനയിൽ ഗുണപരമായ ഒരു കുതിപ്പ് നടത്താൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ആശയവിനിമയത്തിന്റെയും വിജ്ഞാനത്തിന്റെയും ഈ പുതിയ ഉപകരണങ്ങളുടെ സൈദ്ധാന്തികമായ വികാസത്തെക്കുറിച്ചും അവയുടെ ദൈനംദിന ജീവിതത്തിലെ ഉപയോഗത്തെക്കുറിച്ചും ശ്രദ്ധയോടെ വിചിന്തനം നടത്താനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള അവയുടെ ബൃഹത്തായ സാധ്യതകളോടൊപ്പം ചില അപകടസാധ്യതകളും

അവയെ പിന്തുടരുന്നുണ്ട്. എല്ലാറ്റിനെയും അമൂർത്തമായ കണക്കുകൂട്ടലുകളായി മാറ്റിമറിക്കാനും വ്യക്തികളെ സ്ഥിതിവിവരണ കണക്കായി (Data) മാത്രം ലഘൂകരിച്ച് കാണാനുമുള്ള സാധ്യതയുണ്ട്. ചിന്തയെന്നത്, ഒരു യാന്ത്രിക പ്രക്രിയ മാത്രമാണെന്നും അനുഭവജ്ഞാനമെന്നത്, ഒറ്റപ്പെട്ട കേസാണെന്നും, കരുതാനും നന്മയെ ലാഭമായി മാത്രം നോക്കിക്കാണാനും, സർവോപരി, ഓരോ വ്യക്തിയുടെയും തനിമയും അനന്യതയും നിക്ഷേധിക്കുകയും ചെയ്തുകൊണ്ട് അവന്റെയും അവളുടെയും കഥകളെ നിഷേധിക്കാനും ഉള്ള സാധ്യതയും നിലനില്ക്കുന്നുണ്ട്. സത്യത്തിന്റെയും ഉൺമയുടെയും മൂർത്തഭാവങ്ങൾ, അപ്രകാരം സ്ഥിതിവിവരക്കണക്കുകളുടെയും 'ഡാറ്റ'യുടെയും ബാഹുല്യത്തിന്റെ കോലാഹലങ്ങളിൽ അലിഞ്ഞില്ലാതാവുന്നുവെന്നതാണ്, യാഥാർത്ഥ്യം.

ഡിജിറ്റൽ വിപ്ലവത്തിന് (Digital Revolution) കൂടുതൽ സ്വാതന്ത്ര്യം നമുക്ക് പ്രദാനം ചെയ്യാനാകുമെങ്കിലും, നമ്മെ ചില മാതൃകകളുടെ അടിമകളാക്കിത്തീരാൻ അനുവദിച്ചു കൂടാ. 'എക്കോ ചേംബറുകളുടെ തടവുകാരായി തീരുന്നത് ഒട്ടും ആശാസ്യമല്ല. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടേതിൽനിന്നും വ്യത്യസ്തമായ വിശ്വാസപ്രമാണങ്ങളെയും ചിന്താഗതികളെയും ബദൽ ചിന്തകളെയും പാടെ നിരസിക്കുകയെന്ന ഇടുങ്ങിയ മനോഭാവമത്രേ! ഈ സാഹചര്യത്തിൽ, അറിവിന്റെ ബഹുസ്വരത വർധിക്കാതിരിക്കുന്നതിനു പകരം, ആശയക്കുഴപ്പത്തിന്റെ ചെളിക്കുണ്ടിൽ ഒഴുകി നടക്കാനാവും നമ്മുടെ വിധി. വിപണിയുടെയും അധികാരത്തിൽ വാഴുന്നവരുടെയും ഇരകളായിത്തീരാനും അതുവഴിവയ്ക്കുന്നതാണ്. നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തി വിഭാഗീയചിന്ത വളർത്തണമെന്നും സ്ഥിരീകരിക്കാത്ത വാർത്തകളും കണക്കുകളും അവതരിപ്പിക്കാമെന്നും എഡിറ്റർമാർക്ക് കൂട്ടായി നിന്നുകൊണ്ട് കൃത്യനിർവഹണത്തിൽ വീഴ്ച വരുത്താമെന്നും ഉള്ള ചിന്തകൾ നമുക്ക് സ്വീകാര്യമല്ല. യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ബൃഹത്തായ സ്ഥിതിവിവരണ കണക്കുകൾ (Big Data) എത്ര തന്നെ അത്യന്താപേക്ഷിതമാണെങ്കിലും വസ്തുതകളുടെ നിജസ്ഥിതി നഷ്ടപ്പെടാനുള്ള വലിയ സാധ്യത അന്തിമവിശലനത്തിൽ നിലനില്ക്കുന്നതായി കാണാം. വ്യക്തികൾക്കിടയിലെ ആശയവിനിമയത്തിന് വിഘാതമായിത്തീരുന്ന ഈ സാഹചര്യം നമ്മുടെ മാനവികതയ്ക്കുതന്നെ ഭീഷ

ണിയത്രേ. അറിവിനെ സജീവമായ, ഊഷ്മളമായ മനുഷ്യബന്ധത്തിൽ നിന്നു വേർപെടുത്താനാവില്ല. മനുഷ്യ ശരീരവും യഥാർഥജീവിതത്തിലെ ഇടപെടലും മുഴുകലും അതിലുൾപ്പെടുന്നുണ്ട്. സ്ഥിതിവിവരണ കണക്കുകളും ഡാറ്റയുമായി മാത്രമല്ല അത് ബന്ധപ്പെട്ടിരിക്കുന്നത്, പ്രത്യുത മനുഷ്യന്റെ അനുഭവജ്ഞാനവുമായിട്ട് കൂടിയാണ്. അതിനു വേണ്ടത്, സംവേദന ക്ഷമതയും അനുകമ്പയും പങ്കുവെക്കലുമാണ്. ഇതര മനുഷ്യരുടെ മുഖവും മുഖഭാവങ്ങളും തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

ഇവിടെ യുദ്ധകാര്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനെക്കുറിച്ചു ചിന്തിച്ചു പോകുന്നു, ഒപ്പം ഒരു സമാന്തര യുദ്ധത്തെക്കുറിച്ചും. ഈ സമാന്തര യുദ്ധം നടക്കുന്നത് വ്യാജ പ്രചരണങ്ങൾ വഴിയത്രെ. യുദ്ധം റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ മുറിവേൽക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരെയും ഞാൻ അനുസ്മരിക്കുന്നു. അവർ കണ്ട കാര്യങ്ങൾ നമ്മെ കാണിക്കാനുള്ള ശ്രമത്തിലാണ് അവർക്കിങ്ങനെ സംഭവിച്ചത്. യുദ്ധത്തിന്റെ അർത്ഥമില്ലായ്മയിലേക്കാണ് യുദ്ധം മൂലം സഹിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും പുരുഷന്മാരുടെയും തീവ്രമായ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. ആശയവിനിമയമേഖലയിൽ ആശ്വാസമായ, സർഗാത്മകമായ സംഭാവനകൾ നൽകാൻ നിർമ്മിതബുദ്ധിയുടെ ഉപയോഗം വഴി സാധിക്കും. പ്രൊഫഷണൽ ജേണലിസത്തെ അത് തുടച്ചുനീക്കാതിരുന്നാൽ മാത്രം മതി. ജേണലിസത്തെ സഹായിക്കുന്നവിധമാവണം അതിന്റെ പ്രവർത്തനശൈലി. ആശയവിനിമയത്തിന്റെ പ്രൊഫഷണൽ സ്വഭാവത്തെ അംഗീകരിക്കുന്നതുമായിരിക്കണം അത്. തന്റെ ഉത്തരവാദിത്തങ്ങളെ കുറിച്ച് കൂടുതൽ അവബോധമുള്ളവരായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും. അപ്രകാരം അവരെല്ലാവരും വിവേകബുദ്ധിയോടെ ആശയവിനിമയ മേഖലയിൽ പങ്കാളികളാവട്ടെ!

ഇന്നത്തെയും ഭാവിയിലെയും ചില ചോദ്യങ്ങൾ. ഈ വിഷയത്തിൽ സ്വാഭാവികമായി ഉയരുന്ന ഏതാനും ചോദ്യങ്ങളുണ്ട്. പ്രൊഫഷണലിസത്തെയും ഈ മേഖലയിൽ സേവനം ചെയ്യുന്നവരെയും എങ്ങനെയാണ് നാം പരീക്ഷിക്കുക? ഒപ്പം, ലോകമാസകലമുള്ള, അറിവിന്റെയും ആശയവിനിമയത്തിന്റെയും ഉപഭോക്താക്കളുടെ സംരക്ഷണം എങ്ങനെ സാധ്യമാവും? വിവിധങ്ങളായ പ്ലാറ്റ്ഫോമു

കൾക്കിടയിലെ പ്രവർത്തനങ്ങൾ എങ്ങനെ ഉറപ്പുവരുത്താം? എങ്ങനെ പരസ്പരപൂരകമായി പ്രവർത്തിക്കാനാകും? ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിച്ചെടുക്കുന്ന ബിസിനസുകാരെ ഉള്ളടക്കവും പരസ്യവും സംബന്ധിച്ച കാര്യങ്ങളിൽ, മറ്റുപരമ്പരാഗത മാധ്യമങ്ങളുടെ എഡിറ്റർമാരെപ്പോലെ തന്നെ എങ്ങനെ ഉത്തരവാദികളായി പരിഗണിക്കാം? അൽഗോരിതം ഉപയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ - ഇൻഡക്സിങ്ങിനും ഡീ-ഇൻഡക്സിങ്ങിനുമായിട്ടുള്ള - എങ്ങനെ കൂടുതൽ സുതാര്യമാക്കിത്തീർക്കാം? വ്യക്തികൾ, അഭിപ്രായങ്ങൾ, ചരിത്രം, സംസ്കാരം എന്നിവ ആഘോഷിക്കാനും റദ്ദാക്കാനും സമൃദ്ധമായ സേർച്ച് എഞ്ചിനുകളുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. വിവര പരിശോധനപ്രക്രിയയുടെ സുതാര്യത എങ്ങനെ നമുക്ക് ഉറപ്പിക്കാനാവും? എഴുത്തിന്റെ യഥാർത്ഥ സ്രോതസ്സും പിതൃത്വവും എങ്ങനെ കണ്ടെത്താനാവും? അജ്ഞാതനാമത്തിന്റെ രക്ഷാകവചത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന സ്രോതസ്സ് എങ്ങനെ കണ്ടെത്താം? ഒരു സംഭവത്തെക്കുറിച്ചുള്ള ചിത്രം (Image) അല്ലെങ്കിൽ വീഡിയോ (Video) യഥാർത്ഥമാണോ അല്ലെങ്കിൽ കൃത്രിമമായി സൃഷ്ടിച്ചതാണോ (Simulated) എന്ന് എങ്ങനെ വ്യക്തമാക്കാം? ഒറ്റ സ്രോതസ്സ് മാത്രമായി പരിമിതപ്പെടുത്താനുള്ള സാധ്യതയെ എങ്ങനെ നിരോധിക്കാനാവും? ഒരു അൽഗോരിതം മാത്രമുപയോഗിച്ച് ഒരു സമീപനം (രീതിശാസ്ത്രം) മാത്രം ഇവിടെ ഉപയോഗിക്കപ്പെടുന്നു. ഇതിനുപകരം, ബഹുത്വാത്മകത (Pluralism) നിലനിർത്തിക്കൊണ്ട് യാഥാർത്ഥ്യത്തിന്റെ സങ്കീർണ്ണതകളെ മുഴുവൻ ചിത്രീകരിക്കുന്ന രീതിയിൽ ഒരു അന്തരീക്ഷം എങ്ങനെ നിലനിർത്താനാവും? സാങ്കേതികവിദ്യയെ എങ്ങനെ സുസ്ഥിരമാക്കാം? (Sustainable). അത്രമേൽ ശക്തവും ഭാരിച്ച ചെലവുള്ളതും ഊർജ്ജത്തിന്റെ ഉപയോഗം ഏറിയതോതിലുമുള്ളതുമായ ഒന്നാണീ സാങ്കേതിക വിദ്യ എന്നോർക്കണം. വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽകൂടി ഇവയുടെ ലഭ്യത എങ്ങനെ നേടിയെടുക്കാം?

ഈ വിധത്തിലുള്ള ചോദ്യങ്ങൾക്കും മറ്റു ചോദ്യങ്ങൾക്കും നാം നൽകുന്ന ഉത്തരം ഏറെ പ്രസക്തമത്രേ. നിർമ്മിതബുദ്ധി പുതിയ വർഗ്ഗങ്ങളെ (new castes) അതിന്റെ ലഭ്യതയനുസരിച്ച് സൃഷ്ടിക്കുമോ? പുതിയ രീതിയിലുള്ള ചൂഷണങ്ങൾക്കും അവസരമില്ലായ്മയ്ക്കും ആസന്തുലിതാവസ്ഥയ്ക്കും നിർമ്മിതബുദ്ധി വഴിയൊരുക്കുമോ?

മറിച്ച് ശരിയായ വിവരങ്ങൾ നല്കിക്കൊണ്ട് അതിന് കൂടുതലായി സമത്വം സൃഷ്ടിക്കാൻ സാധിക്കുമോ? അതിനു വേണ്ടത് നാം അനുഭവിക്കുന്ന ഐതിഹാസികമായ ഈ മാറ്റത്തെ കുറിച്ചുള്ള കൂടിയതോതിലുള്ള അവബോധമത്രേ. കൂട്ടായ്മയിലൂടെ മാത്രമേ നമ്മുടെ വിവേചന ശക്തിയെ നമുക്ക് വർദ്ധിപ്പിക്കാനും ജാഗ്രതയെ കൂടുതൽ സൂക്ഷ്മമാക്കാനും സാധിക്കുകയുള്ളൂ. അവയുടെ സാക്ഷാത്കാരത്തിന്റെ പ്രകാശത്തിൽ വേണം നാം കാര്യങ്ങളെ കാണാൻ. അല്ലെങ്കിൽ നമ്മുടെ മനുഷ്യത്വത്തിന്റെ ദിശാബോധം തന്നെ നഷ്ടപ്പെടാം. എല്ലാറ്റിനും മുമ്പ് സൃഷ്ടിക്കപ്പെട്ട ജ്ഞാനം നമുക്കു തേടാം. (നോക്കുക, പ്രഭാഷകൻ 1:4) നിർമിതബുദ്ധിയുടെ സംവിധാനങ്ങൾ മനുഷ്യത്വ സമ്പൂർണ്ണമായ ആശയവിനിമയത്തിന്റെ ശുശ്രൂഷയ്ക്കും സേവനത്തിനുമായി നമ്മെ സഹായിക്കുന്നതാണ്.

**ഫ്രാൻസിസ് മാർപാപ്പ**

റോം : സെന്റ് ജോൺ ലാറ്ററൻ, 24 ജനുവരി, 2024

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**
**കൊച്ചി - 682 025.**

[1] Letters from Lake Como.

[2] The 2024 Message for the World Day of Social Communications takes up the preceding Messages devoted to encountering persons where and how they are (2021), to hearing with the ear of the heart (2022) and speaking to the heart (2023).

[3] Cf. "The Truth Will Make You Free" (Jn 8:32). Fake News and Journalism for Peace, Message for the 2018 World Day of Social Communications.

[4] Message for the 57th World Day of Peace, 1 January 2024, 8.
00154-EN.01[Original test: Italian]

C. 16. സർക്കുലർ

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഇടവകവൈദികർക്ക് നൽകുന്ന കത്ത്*

പ്രിയ സഹോദരവൈദികരേ,

'സിനഡിനുവേണ്ടി ഇടവകവൈദികർ' ('Parish Priests for the Synod') എന്ന അന്താരാഷ്ട്ര സമ്മേളനവും നിങ്ങളെല്ലാവരോടുമായുള്ള സംവാദവും കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ലോകം മുഴുവനുമുള്ള ഇടവകവൈദികർക്കുവേണ്ടി പ്രാർഥിക്കാൻ എനിക്ക് ഒരു അവസരം ലഭിച്ചിരിക്കുന്നു. നിങ്ങളെ എല്ലാവരെയും ഈ വാക്കുകളാൽ ഞാൻ സ്നേഹപൂർവം അഭിസംബോധന ചെയ്യുന്നു.

ഇക്കാര്യം വ്യക്തവും അതേസമയം വളരെ സാധാരണവും ആണെന്ന് തോന്നുന്നെങ്കിലും, ഇത് അതിനെ ഒട്ടും അയാഥാർത്ഥ്യമാക്കുന്നില്ല: നിങ്ങളുടെ സമർപ്പണവും അജപാലനശുശ്രൂഷയും കൂടാതെ സഭയ്ക്ക് മുന്നോട്ടു പോകാനാവില്ല. അതിനാൽ സർവോപരി, എല്ലാത്തരം നിലത്തും സുവിശേഷത്തിന്റെ വിത്തുകൾ വിതച്ചുകൊണ്ട് (മർക്കോ 4:1-25) ഓരോ ദിവസവും നിങ്ങൾ ചെയ്യുന്ന ഉദാരമായ ജോലിക്കു ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങൾക്ക് നന്ദിപറയുകയും ചെയ്യുന്നു.

പങ്കുവയ്ക്കലിന്റെ ഈ ദിവസങ്ങളിൽ നിങ്ങൾ അനുഭവിച്ചറിഞ്ഞതുപോലെ, നിങ്ങൾ ശുശ്രൂഷ നടത്തിവരുന്ന ഇടവകകൾ വളരെ വ്യത്യസ്തങ്ങളായ തലങ്ങളിലുള്ളവയാണ്: വലിയ നഗരങ്ങളുടെ പിന്നാമ്പുറങ്ങൾ തുടങ്ങി - ബോയ്നോസ് ഐറസിൽ എനിക്കത് വ്യക്തിപരമായി അറിയാവുന്നതാണ് - വളരെ കുറച്ചുമാത്രം ജനസാന്ദ്രതയുള്ള ഒരു പ്രോവിൻസിന്റേതന്നെ എന്നു പറയാവുന്ന വളരെ വിശാലമായ ഭൂപ്രദേശങ്ങൾവരെയുള്ളവ; പല യൂറോപ്യൻ രാജ്യങ്ങളിലെയും നഗര കേന്ദ്രങ്ങൾ തുടങ്ങി, അതായത്, വളരെ വലിയ പുരാതന ബസിലിക്കകൾ ഉള്ളവയിൽ എന്നാൽ ശോഷിക്കുന്നതും പ്രായമാകുന്നതുമായ ഇടങ്ങൾ തുടങ്ങി, വലിയ വൃക്ഷങ്ങളുടെ

ശാഖകളുടെകീഴിൽ ആരാധനാചരണങ്ങൾ നടത്തേണ്ടിവരുന്ന ഇടങ്ങൾ വരെയുള്ളവ; ഈ ഇടങ്ങളിൽ പക്ഷികളുടെ പാട്ട് ചെറിയ കുട്ടികളുടെ സ്വരങ്ങളുമായി കലർന്നുപോകാറുണ്ട്.

ഇടവകവൈദികർക്ക് ഇക്കാര്യം നന്നായി അറിയാം. എന്തെന്നാൽ, ദൈവജനത്തിന്റെ ജീവിതത്തിലെ സന്തോഷങ്ങളും ബുദ്ധിമുട്ടുകളും അവരുടെ വിഭവങ്ങളും അവരുടെ ആവശ്യങ്ങളും അവർക്കറിയാം. ഇക്കാരണത്താൽ, ഒരു സിനഡാത്മകസഭയ്ക്ക് അതിന്റെ ഇടവകവൈദികരെ കൊണ്ട് ആവശ്യമുണ്ട്. എപ്രകാരമാണ് ഒരുമിച്ച് സഞ്ചരിക്കേണ്ടതെന്നും എങ്ങനെയാണ് സിനഡാത്മകതയുടെ പാതയിൽ മുന്നേറേണ്ടതെന്നും വൈദികരില്ലാതെ നമുക്കറിയാനാവില്ല. 'സിനഡാത്മകപാതയാണ് മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത്'' [1].

ജ്ഞാനസ്നാനം സ്വീകരിച്ചവർ എല്ലാവരും സുവിശേഷം പ്രഘോഷിക്കുക എന്ന ഏക ദൗത്യത്തിൽ പങ്കാളികളായികൊണ്ട് ഇടവക സമൂഹങ്ങൾ തിരിച്ചറിയപ്പെട്ടില്ലെങ്കിൽ നമ്മൾ ഒരിക്കലും സിനാഡാത്മകവും പ്രേഷിതപരവും ആയ ഒരു സഭയായി തീരുകയില്ല. ഇടവകകൾ സിനഡാത്മകവും പ്രേഷിതപരവും അല്ലെങ്കിൽ സഭ ഒരിക്കലും അപ്രകാരമായിത്തീരില്ല. മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പതിനാറാമത് പൊതുസമ്മേളനത്തിന്റെ ആദ്യസെഷനിലെ സംഗ്രഹ റിപ്പോർട്ട് (The Synthesis Report of the First Session of the XVI Ordinary General Assembly of the Synod of Bishops) ഇക്കാര്യത്തിൽ വളരെ വ്യക്തത ഉള്ളതാണ്. ഇടവകകൾ, അവയുടെ ഘടനയിൽ തുടങ്ങി ഇടവക സമൂഹത്തിന്റെ ജീവിതം മുഴുവൻ അവലോകനം ചെയ്യാൻ ക്ഷണിക്കപ്പെടുന്നു: 'പ്രഥമമായും പ്രേഷിതദൗത്യത്തിന്റെ ഭാഗമായി ചെയ്യുന്ന പ്രവൃത്തി, പ്രത്യേകിച്ച് കുടുംബജീവിതത്തിലും തൊഴിലിടത്തും ചെയ്യുന്നത്, അതും തങ്ങളുടെ സ്വന്തം പ്രവൃത്തികളിലും ഘടനാപരമായ ആവശ്യങ്ങളിലും മാത്രം ഊന്നിനിൽക്കാതെ ചെയ്യുന്നവ' (8.1). ജ്ഞാനസ്നാനം സ്വീകരിച്ചവർ പ്രേഷിതശിഷ്യരായി പുറപ്പെടുകയും, തങ്ങളുടെ സാക്ഷ്യം വഴിയായി കർത്താവ് ചെയ്ത അദ്ഭുതകൃത്യങ്ങൾ വിവരിക്കാനായി സന്തോഷപൂർവ്വം തിരികെവരികയും ചെയ്യുന്ന ഇടങ്ങളായി ഇടവകസമൂഹങ്ങൾ വർധിതമാംവിധം പരിണമിക്കേണ്ടിയിരിക്കുന്നു (ലൂക്കാ 10:17 കാണുക).

ഇടയന്മാർ എന്ന നിലയിൽ, നമ്മൾ ശുശ്രൂഷചെയ്യുന്ന സമൂഹങ്ങളെ ഈ പ്രക്രിയയിൽ അനുഗമനം ചെയ്യാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു; അതേസമയംതന്നെ പ്രാർഥന, വിവേചിച്ചറിയൽ, അപ്പസ്തോലികതീക്ഷ്ണത എന്നിവകൊണ്ട് പ്രതിജ്ഞാബദ്ധരായിരിക്കാനും നമ്മുടെ ശുശ്രൂഷ സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയ്ക്ക് ചേർന്നവിധം ആയിരിക്കുന്നതിനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ഈ വെല്ലുവിളി പാപ്പായുടെയും മെത്രാൻമാരുടെയും റോമൻ കൂരിയായുടെയും ഇടവക വൈദികർ എന്ന നിലയിൽ നിങ്ങളുടെ ഓരോരുത്തരുടെയും മുമ്പിൽ പ്രതിഷ്ഠിക്കപ്പെടുന്നു. നമ്മെ വിളിക്കുകയും നമ്മെ അഭിഷേചിക്കുകയും ചെയ്ത കർത്താവ് ഇന്ന് നാം അവിടത്തെ ആത്മാവിന്റെ സ്വരം ശ്രവിക്കാനും അവിടന്ന് നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്ന ദിശയിലേക്ക് മുന്നേറാനും ആഹ്വാനം ചെയ്യുന്നു. ഒരു കാര്യത്തെക്കുറിച്ച് നമുക്ക് നിശ്ചയമുണ്ട്: തന്റെ കൃപ നൽകാതെ അവിടന്ന് നമ്മെ ഒരിക്കലും വിട്ടുകളയുകയില്ല. നമ്മുടെ പാതയിൽ, നമ്മുടെ ശുശ്രൂഷയിൽ, നമ്മെ ക്ഷീണിതരാക്കുന്ന കാര്യങ്ങളിൽനിന്ന് എങ്ങനെ നമുക്ക് സ്വതന്ത്രരാകാൻ ആകുമെന്ന് നാം കണ്ടെത്തും, അതോടൊപ്പംതന്നെ അതിന്റെ ഏറ്റവും ആധികാരികമായ അന്തസത്തെയും വീണ്ടും തിരിച്ചറിയും; അതായത്, ദൈവവചനത്തിന്റെ പ്രഘോഷണവും സമൂഹത്തെ അപ്പം മുറിക്കലിനായി ഒന്നിച്ചുചേർക്കുന്നതും.

ആകയാൽ, ഇടവകവൈദികർ എന്ന കർത്താവിന്റെ വിളി സ്വീകരിക്കാൻ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, അതായത്, സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയെ പടുത്തുയർത്തുന്നവരും ആ ലക്ഷ്യം പ്രാപിക്കുന്നതിനായി താല്പര്യപൂർവ്വം ഇറങ്ങിത്തിരിക്കുന്നവരും ആയിരിക്കാൻ. ഈ ലക്ഷ്യപ്രാപ്തിക്കായി, ഇടയന്മാർ എന്ന നിലയിൽ നിങ്ങളുടെ ജീവിതശൈലിയെയും പ്രവർത്തനത്തെയും പ്രചോദിപ്പിക്കാനായി ഞാൻ മൂന്ന് നിർദ്ദേശങ്ങൾ നൽകട്ടെ:

1. *നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന സവിശേഷമായ ശുശ്രൂഷാസിദ്ധി (ministerial charism) ഊർജ്ജിതമായ രീതിയിൽ ദൈവജനത്തിന്റെ ഇടയിൽ ആത്മാവ് വിതയ്ക്കുന്ന വ്യത്യസ്തങ്ങളായ ദാനങ്ങളുടെ ശുശ്രൂഷ എന്നവിധം ചെയ്തു തീർക്കുവിൻ.* 'അല്മായരുടെ ഉന്നതവും താഴ്ന്നതുമായ വിവിധതരത്തിലുള്ള സിദ്ധികൾ വിശ്വാസത്തിന്റെ ചൈതന്യത്തിൽ കണ്ടുപിടിക്കുക' (വൈദിക ശുശ്രൂഷയും ജീവിതവും സംബന്ധിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ

ഡിക്രി: *Presbyterorum Ordinis*), എന്നത് അടിയന്തരമായി ചെയ്യേണ്ട താണ്. പ്രസ്തുത സിദ്ധികൾ എല്ലാത്തരം മാനുഷിക ചുറ്റുപാടുക ളെയും സാഹചര്യങ്ങളെയും സുവിശേഷവൽക്കരിക്കുന്നതിന് അനിവാര്യമായിരിക്കും. അതുവഴിയായി, മറഞ്ഞിരിക്കുന്ന ധാരാളം നിധികൾ നിങ്ങൾ വെളിച്ചത്തുകൊണ്ടുവരികയും സുവിശേഷവൽ ക്കരണം എന്ന ശ്രമകരമായ പ്രവർത്തനത്തിൽ നിങ്ങൾ ഏകാകികൾ അല്ലെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്യുമെന്ന് ഞാൻ നിശ്ചയ മായും വിശ്വസിക്കുന്നു. അപ്പോൾ നിങ്ങൾ മറ്റുള്ളവരുടെമേൽ ആധി പത്യം പുലർത്തുന്നവരല്ല, മറിച്ച് സ്ത്രീപുരുഷന്മാരിൽനിന്ന് മഹത്ത രവും അമൂല്യവുമായ സാധ്യതകൾ പുറത്തുകൊണ്ടുവരുന്ന യഥാർഥ പിതാക്കന്മാരുടെ ആനന്ദം നിങ്ങൾ അനുഭവിക്കുകയും ചെയ്യും.

2. സാമൂഹ്യവിവേചിച്ചറിയലിന്റെ കല നിങ്ങൾ അഭ്യസിക്കണ മെന്ന് (learn the art of communal discernment) ഞാൻ ഹൃദയപൂർവം ആഗ്രഹിക്കുന്നു. അതിനായി നിങ്ങൾ 'ആത്മാവിലുള്ള സംഭാഷണം' ('conversation in the Spirit') എന്ന രീതി അവലംബിക്കുന്നത് നന്നാ യിരിക്കും; സിനഡാത്മക സഞ്ചാരത്തിലും സിനഡാത്മക സമ്മേളന ത്തിന്റെ പ്രക്രിയയിൽത്തന്നെയും അത് വളരെ ഉപകാരപ്രദമായി രുന്നു. അതുവഴിയായി, നിങ്ങൾ അനേകം സത്ഫലങ്ങൾ നേടുമെന്ന് എനിക്ക് തീർച്ചയുണ്ട്; അത് ഇടവകസമിതികൾ (parish councils) എന്ന കൂട്ടായ്മയുടെ ഘടനകളിൽ മാത്രമായിരിക്കുകയില്ല ഒതുങ്ങു ന്നത്, മറിച്ച് മറ്റെല്ലാ രംഗങ്ങളിലും അതിന്റെ പ്രതിഫലനമുണ്ടാകും. സമഗ്ര റിപ്പോർട്ട് (Synthesis Report) വ്യക്തമാക്കുന്നതുപോലെ വിവേ ചിച്ചറിയൽ എന്നത് ഒരു സിനഡാത്മകസഭയുടെ പ്രവൃത്തിയുടെ ഒരു മുഖ്യ അംശമാണ്: 'അജപാലനസാഹചര്യങ്ങളിൽ വിവേചിച്ചറി യൽ അഭ്യസിക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്; സഭാത്മകജീവിത ത്തിന്റെ മൂർത്ത ഭാവങ്ങൾ പ്രകാശിപ്പിക്കുന്നതിനായി അത് വ്യത്യ സ്തങ്ങളായ സാഹചര്യങ്ങൾ അനുസരിച്ച് രൂപപ്പെടുത്തിയിരി ക്കുന്നു. സമൂഹത്തിൽ സന്നിഹിതമായിരിക്കുന്ന സിദ്ധികൾ നന്നായി തിരിച്ചറിയുന്നതിന് ഇത് സഹായകമാകും; അതായത്, യുക്തിപൂർവം ഉത്തരവാദിത്വങ്ങളും ശുശ്രൂഷകളും വിഭജിച്ചുകൊടുക്കുന്നതിനും ആത്മാവിന്റെ പ്രകാശത്താൽ അജപാലനപദ്ധതികൾ കരുപ്പിടിപ്പിക്കു ന്നതിനും അത് കേവലം സാധാരണയുള്ള പ്രവർത്തനപദ്ധതികളുടെ നിവർത്തിയാക്കൽപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽനിന്ന് വ്യത്യസ്തമാണെന്ന് മനസ്സിലാക്കുന്നതിനുമാണ്' (2.1).

3. അവസാനമായി, നിങ്ങളുടെ എല്ലാ പ്രവൃത്തികളും നിങ്ങൾ തമ്മിലും നിങ്ങളുടെ മെത്രാന്മാരുമായി പങ്കുവെയ്ക്കലിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തിൽ നിർവഹിക്കണമെന്നു ഞാൻ ആഹ്വാനം ചെയ്യുന്നു. 'നിനക്ക് ലഭിച്ച ദൈവദാനം ഉജ്വലിപ്പിക്കുക' (2 തിമോ 1:6) എന്ന വിഷയവുമായി സംഘടിപ്പിച്ച 'വൈദികരുടെ സ്ഥിരം രൂപവൽക്കരണത്തിനായുള്ള അന്താരാഷ്ട്ര സമ്മേളനത്തിൽ' (International Conference for the Permanent Formation of Priests) നിന്നുവന്ന ശക്തമായ ഒരു സന്ദേശമാണിത്. ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ഇവിടെ റോമിൽ നടന്ന ഈ സമ്മേളനത്തിൽ 18 രാഷ്ട്രങ്ങളെ പ്രതിനിധീകരിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന എണ്ണൂറിൽ പരംപേർ, അതായത്, മെത്രാന്മാർ, വൈദികർ സമർപ്പിതസ്ത്രീപുരുഷന്മാർ, അല്മായർ എന്നിവർ, പങ്കെടുക്കുകയുണ്ടായി. ആദ്യം നമ്മൾ പുത്രന്മാരും സഹോദരരും ആയെങ്കിൽ മാത്രമേ തുടർന്ന് നമുക്ക് യഥാർഥ പിതാക്കന്മാർ ആയിത്തീരാനാവൂ. നമ്മുടെ കരങ്ങളിൽ ഭരമേൽപ്പിക്കപ്പെട്ട സമൂഹങ്ങളിൽ കൂട്ടായ്മയും പങ്കാളിത്തവും വളർത്തണമെങ്കിൽ എല്ലാറ്റിനും ഉപരിയായി ആദ്യം ആ യാഥാർഥ്യങ്ങൾ നമ്മുടെ ഇടയിൽത്തന്നെ വളർത്തിയെടുക്കണം. നമ്മുടെ അജപാലനപരമായ ഉത്തരവാദിത്വങ്ങളുടെ സ്ഥിരമായ സമ്മർദത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യം അത്ര എളുപ്പമുള്ളതല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു; ഒരുപക്ഷേ, ഇത് സമയം പാഴാക്കുന്നതായും തോന്നിയേക്കാം; എന്നാൽ സത്യം മറിച്ചാണ്. യഥാർഥത്തിൽ ഈ രീതിയിൽ മാത്രമേ നാം വിശ്വസനീയർ ആവുകയുള്ളൂ; അപ്പോൾ നമ്മുടെ പ്രവർത്തനം മറ്റുള്ളവർ മുമ്പേതന്നെ ഒരുമിച്ചു കൂട്ടിയത് ചിതറിക്കുന്നതായി ഭവിക്കുകയില്ല.

സിനഡാത്മകവും പ്രേഷിതപരവുമായ സഭയ്ക്കു മാത്രമല്ല ഇടവക വൈദികരെക്കൊണ്ട് ആവശ്യം. 'ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം' എന്ന വിഷയവുമായി 2021 മുതൽ 2024 വരെ മുന്നേറുന്ന സിനഡിന്റെ തുടർപ്രക്രിയയിലും നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. വരുന്ന ഒക്ടോബർ മാസത്തിൽ അതിന്റെ രണ്ടാം സെഷൻ നടക്കുന്നതിലേക്ക് നാം ഉറ്റുനോക്കി കൊണ്ടിരിക്കുകയാണ്; അതിനുവേണ്ടി ഒരുങ്ങാനായി, നിങ്ങളുടെ സ്വരം കേൾക്കേണ്ടതായുണ്ട്.

അക്കാരണത്താൽ 'സിനഡിനുവേണ്ടി ഇടവക വൈദികർ'

എന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരെയും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കാൻ ഞാൻ ക്ഷണിക്കുന്നു. നിങ്ങൾ പരസ്പരവും, തുടർന്ന് നിങ്ങൾ നിങ്ങളുടെ കർമരംഗങ്ങളിൽ എത്തുമ്പോൾ നിങ്ങളുടെ സഹ ഇടവകവൈദികരുമായും സിനഡാത്മകതയുടെ പ്രേഷിതരായിരിക്കുവിൻ. ഇടവകവൈദികരുടെ ശുശ്രൂഷയുടെ നവീകരണം ലക്ഷ്യംവെച്ചുകൊണ്ട് സിനഡാത്മകവും പ്രേഷിതപരവുമായ ഒരു മനോഭാവത്തോടെ നിങ്ങൾ വിചിന്തനം നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന് നിങ്ങളുടെ സവിശേഷമായ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് അടുത്ത സെഷനുവേണ്ടിയുള്ള 'പ്രവർത്തനരേഖ' (*Instrumentum Laboris*) തയ്യാറാക്കാൻ ഇടവരട്ടെ. ഈ അന്താരാഷ്ട്ര സമ്മേളനത്തിന്റെ ലക്ഷ്യം ഇടവക വൈദികരെ ശ്രവിക്കുക എന്നതായിരുന്നു; എന്നാൽ അത് ഇന്ന് അവസാനിക്കാൻ പാടില്ല; ഞങ്ങൾക്ക് തുടർന്നും നിങ്ങളെ കേൾക്കണം.

പ്രിയ സഹോദരരേ, ഈ പ്രക്രിയയിൽ ഞാൻ നിങ്ങളുടെ കൂടെയുണ്ട്; ഇതിൽ ഞാൻതന്നെയും പങ്കുചേരുന്നുണ്ട്. എന്റെ ഹൃദയത്തിൽനിന്ന് ഞാൻ നിങ്ങളെ ആശീർവദിക്കുന്നു; അതോടൊപ്പം നിങ്ങളുടെ സാമീപ്യം എനിക്ക് അനുഭവപ്പെടേണ്ടതായുണ്ട്; നിങ്ങളുടെ പ്രാർഥനാസഹായവും എനിക്ക് ആവശ്യമുണ്ട്. വഴികാട്ടിയായ (*Hodegetria*), വഴിയുടെ രാജ്ഞിയായ (Our Lady of the Way), പരിശുദ്ധ കന്യകമറിയത്തിനു നമുക്ക് നമ്മെ ഭരമേൽപ്പിക്കാം. അവൾ നമുക്ക് വഴി കാണിച്ചുതരുന്നു; വഴിയും സത്യവും ജീവനുമായ യേശുവിലേക്ക് അവൾ നമ്മെ നയിക്കുന്നു.

റോം, വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം, 2 മെയ് 2024

**ഫ്രാൻസിസ് പാപ്പാ**

* 'Parish Priests for the Synod' എന്ന International Meeting-ൽ പങ്കെടുത്ത 300 വൈദികരോടു സംസാരിച്ചുകൊണ്ട് ലോകം മുഴുവനുമുള്ള ഇടവക വൈദികരെ അഭിസംബോധന ചെയ്തത്.

[1] Address for the *Commemoration of the Fiftieth Anniversary of the Establishment of the Synod of Bishops,* 17 October 2015.

(പരിഭാഷ : റവ. ഡോ. ജേക്കബ് പ്രസാദ്)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

| | | ഏപ്രിൽ 2024 |
|---|---|---|
| 23/04/2024 | 09:30 am | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് സി.എം.സി. സിസ്റ്റേഴ്സിന്റെ പ്രഥമ വ്രതഗ്ദാനത്തിന്റെയും സഭാവസ്ത്ര സ്വീകരണത്തിന്റെയും ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. |
| 24/04/2024 | 08:00 am | അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വി. ഗീവർഗീസ് സഹദായുടെ തിരുനാൾ ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 4:00 pm | വെണ്മണി സെന്റ് ജോർജ് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ച് പുതുതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. |
| 26/04/2024 | 4:30 pm | വാത്തിക്കുടി ലൂർദ് മാതാ ദൈവാലയത്തിൽ തിരുനാൾ കൊടിയേറ്റ് നടത്തി പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ വെഞ്ചരിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച് തിരുനാൾ സന്ദേശം നൽകുകയും ചെയ്തു. |
| 27/04/2024 | 11:00 am | തങ്കമണി സെന്റ് തോമസ് ഫൊറോന ഇടവകാംഗമായ വാഴക്കാപ്പാറ ജെബിന്റെയും പാലാ മുത്തോലി ഇടവകാംഗമായ തൊടുകയിൽ സോയസിന്റെയും വിവാഹം ആശീർവദിച്ചു. |
| | 04:30 pm | ഉപ്പുതോട് സെന്റ് ജോസഫ് ഇടവകയുടെ മാസ്സ് സെന്ററായ കരിക്കിൻമേട് സെന്റ് |

| | | |
|---|---|---|
| | | സെബാസ്റ്റ്യൻ പള്ളിയുടെ കൂദാശ കർമ്മം നിർവ്വഹിച്ചു. |
| 28/04/2024 | 10:30 am | രാജപുരം ക്രിസ്തുരാജാ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 04:30 pm | ആന്റോപുരം സെന്റ് ആന്റണീസ് ഇടവകയിൽ വി. അന്തോനീസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 29/04/2024 | 10:30 am | രാജമുടി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ നിത്യവ്രത വാഗ്ദാനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03:30 pm | മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു. |
| | 05:30 pm | മച്ചിപ്ലാവ് കാർമൽജ്യോതി സ്പെഷ്യൽ സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടന്ന അൾത്താര ബാലന്മാർക്കായി സംഘടിപ്പിക്കപ്പെട്ട ഫുട്ബോൾ മത്സരത്തിന്റെ രൂപതാതല മത്സരം ഉദ്ഘാടനം ചെയ്തു. |
| 30/04/2024 | 10:30 am | ബിഷപ്സ് ഹൗസിൽ വച്ച് നടന്ന പ്രെസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. |
| | | **മെയ് 2024** |
| 01/05/2024 | 06:15 am | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭി. മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ 4-ാം ചരമവാർഷിക ദിനത്തിൽ വിശുദ്ധ കുർബാന |

| | | |
|---|---|---|
| | | അർപ്പിക്കുകയും കബറിടത്തിൽ ചരമവാർഷിക ശുശ്രൂഷകൾ നടത്തുകയും ചെയ്തു. |
| | 03:30 pm | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ പള്ളിയിൽ ജോർദാനിയ മാമ്മോദീസാ നടത്തി. |
| 03/05/2024 | 11:00 am | കൈലാസപ്പാറ സെന്റ് ജൂഡ് കപ്പേള പള്ളിയിൽ വി. യൂദാശ്ലീഹായുടെ തിരുനാൾ ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി |
| | 05:30 pm | പടമുഖം സേക്രട്ട് ഹാർട്ട് ക്നാനായ ഫൊറോന ഇടവകയുടെ സുവർണ്ണ ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു. |
| 04/05/2024 | 09:30 am | മങ്കുവ സെന്റ് തോമസ് ദൈവാലയത്തിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. |
| | 03.30 pm | കാമാക്ഷി സെന്റ് ആന്റണീസ് ഇടവകയിൽ പുതുതായി നിർമ്മിച്ച സിമിത്തേരിയുടെയും ചാപ്പലിന്റെയും വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. |
| 07/05/2024 | 10:30 am | വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടന്ന സന്യാസ സമർപ്പണത്തിന്റെ അമ്പതും ഇരുപത്തിയഞ്ചും വർഷം പൂർത്തിയാക്കുന്ന സി.എം.സി. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. |
| 09/05/2024 | 09:30 am | രാജമുടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽവച്ചു നടന്ന തിരുഹൃദയ സന്യാസിനിമാരുടെ മിഷൻമീറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| 10/05/2024 | 11:00 am | പാറത്തോട് സെന്റ് ജോർജ് ഫൊറോന ഇടവകയിൽ സംഘടിപ്പിക്കപ്പെട്ട കരിസ്മാറ്റിക് ഗ്രാൻഡ് കോൺഫറൻസ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| | | പാറത്തോട് സെന്റ് ജോർജ് ഫൊറോന ഇടവകാംഗമായ അന്നക്കുട്ടി ജോൺ മുണ്ടയ്ക്കാട്ടിന്റെ നിര്യാണത്തിൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ NAAC വിസിറ്റിന്റെ തീയതി സജസ്റ്റ് ചെയ്യുന്നതിനായി ഒരു ആലോചനായോഗം 16/05/2024 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സെമിനാർ ഹാളിൽ വച്ച് കൂടുകയും, College Principal, HoDs, NAAC committee members, QMG Co-ordinators എന്നിവർ പ്രസ്തുത മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

## PCM. 37/24 19/05/24 പാവനാത്മയിൽ വീണ്ടും റാങ്കിന്റെ തിളക്കം

എം.ജി. യൂണിവേഴ്സിറ്റി ബിരുദഫലം പ്രഖ്യാപിച്ചു. വിവിധ ഡിഗ്രി പ്രോഗ്രാമുകളിലായി 11 റാങ്കുകൾ സ്വന്തമാക്കി മുരിക്കാശ്ശേരി പാവനാത്മാ കോളേജ് മിന്നുന്ന വിജയം കരസ്ഥമാക്കി.

## Dept.of History

1st Rank - Sandra Santhosh
2nd Rank - Ashin Binojy
3rd Rank - Adna Anwar

## Dept of Malayalam

2nd Rank - Aparna Chellappan
3rd Rank - Amala Nelson
5th Rank - Gismy Benny
10th Rank - Keerthana Sajesh

## Dept of Mathematics

2nd Rank - Devu V.M
4th Rank - Athulya Sasi
5th Rank - Adithyaraj Joy
8th Rank - Benedict K.Liji

## PCM. 37/24 17/05/2024

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വിവിധ ഡിഗ്രി കോഴ്സ് (FYUGP) കളിലേക്ക് ഉള്ള അഡ്മിഷൻ ആരംഭിച്ചു.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC 23/24

2024-25 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ അഡ്മിഷനുമായി ബന്ധപ്പെട്ട് മാതാപിതാക്കൾക്കും കുട്ടികൾക്കുമുണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കുന്നതിന് മുരിക്കാശ്ശേരി പാവനാത്മാ കോളേജും മാർ സ്ലീവാ കോളേജും സംയുക്തമായി വാഴത്തോപ്പ്, മുരിക്കാശ്ശേരി, തങ്കണി, ഇരട്ടയാർ, ചെമ്മണ്ണാർ സ്ഥലങ്ങളിൽ മുഖാമുഖം പരിപാടി സംഘടിപ്പിച്ചു.

## MSC 24/24

2024-25 അധ്യയന വർഷം മാർ സ്ലീവാ കോളേജിലെ വിവിധ ബിരുദ പ്രോഗ്രാമിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.പുക്കിയ പാഠ്യപദ്ധതി പ്രകാരം നാലുവർഷം ബിരുദ പ്രോഗ്രാമിലാണ് അഡ്മിഷൻ.

1. ബി.കോം . ഫിനാൻസ് & ടാക്സേഷൻ
2. ബി.കോം. കംപ്യൂട്ടർ ആപ്ലിക്കേഷൻ

3. ബി.കോം. കോ.ഓപ്പറേഷൻ
4. ബി.കോം. ലോജിസ്റ്റിക് മാനേജ്മെന്റ്
5. ബി.എ. ഇംഗ്ലീഷ്
6. ബി.എസ്.സി. ജിയോളജി
7. ബി.ബി.എ.
8. ബി.സി.എ.
9. MSW

എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു.

**MSC 25/24** മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജ് NAAC അഭിലിയേഷൻ നടപടികൾ പൂർത്തീകരിച്ചു. 2024-25 അധ്യന വർഷത്തിൽ കോളേജ് NAAC അക്രിഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കി കരുത്തോടെ ഉയരങ്ങളിലേക്ക് മാർ സ്ലീവാ കുതിക്കുവാൻ തയ്യാറെടുക്കുന്നു.

## സോഷ്യൽ സർവ്വീസ്

### SS 25/24 വനിതകൾക്ക് ടൂവീലർ വിതരണം

നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ സഹായത്തോടെ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 50% സാമ്പത്തിക സഹായത്തോടെ 66 വനിതകൾക്ക് ഇടുക്കി IDA ഗ്രൗണ്ടിൽ വച്ച് നടന്ന പരിപാടിയിൽ ഇരുചക്ര വാഹനങ്ങളൂടെ വിതരണ ഉദ്ഘാടനം നടത്തി.

കൂടാതെ പത്താം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 16 ലാപ്ടോപ്പുകളും, സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനായി 20 വനിതകൾക്ക് തയ്യൽ മെഷീനുകളും വിതരണം ചെയ്തു.

### SS 26/24 കൃതജ്ഞതയോടെ

കഴിഞ്ഞ അഞ്ച് വർഷമായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച റവ. ഫാ. മാത്യു തടത്തിലിന് സൊസൈറ്റിയുടെയും, രൂപതാ കുടുംബത്തിന്റെയും, സഹപ്രവർത്തകരുടെയും

നന്ദി അർപ്പിക്കുന്നു. അച്ചന്റെ പുതിയ പ്രവർത്തന മേഖലയിൽ എല്ലാ ഭാവുകങ്ങളും, ദൈവാനുഗ്രഹവും നേരുന്നു.

## SS 27/24 പുതിയ ഡയറക്ടർക്ക് സ്വാഗതം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റ ബഹു. ജോസഫ് കൊച്ചുകുന്നേൽ അച്ചന് എച്ച്.ഡി.എസ്. കുടുംബത്തിലേക്ക് സ്വാഗതം. പുതിയ പ്രവർത്തന മേഖലയിൽ എല്ലാ ആശംസകളും നേരുന്നു.

# കെ.സി.എസ്.എൽ.

## KCSL 12/24 സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പ് & ഇലക്ഷൻ 2024

ക്രിസ്തീയ വിദ്യാർത്ഥികളിൽ സുവിശേഷ മൂല്യങ്ങളുടെ കരുത്ത് പകരുന്ന കേരള കാത്തലിക് സ്റ്റുഡൻസ് ലീഗിന്റെ സ്റ്റേറ്റ് ലെവൽ ലീഡേഴ്സ് ട്രെയിനിങ് ആൻഡ് ഇലക്ഷൻ ക്യാമ്പ് കൊല്ലം രൂപതയിലെ കൊട്ടിയം ക്രിസ്തുജ്യോതി ആനിമേഷൻ സെന്ററിൽ വച്ച് 2024 ഏപ്രിൽ 27 മുതൽ 29 വരെ തീയതികളിൽ നടത്തപ്പെട്ടു. കൊല്ലം രൂപത ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി ഉദ്ഘാടനം നിർവഹിച്ച ക്യാമ്പിൽ മുഖ്യാതിഥി ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവായിരുന്നു. ക്യാമ്പ് ദൈവാനുഗ്രഹത്താൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും പുതിയ ഉണർവിന്റെ പുത്തൻ പാഠങ്ങൾ സമ്മാനിച്ചു.

ജീവിതത്തിന്റെ അർത്ഥവും മനോഹാരിതയും, ക്രിസ്തുവിലേക്ക് വളരാൻ, ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യത, പഠനം, രസകരം, സേവനം യേശു ശൈലിയിൽ പടപൊരുതാം ലഹരിക്കെതിരെ, സോഷ്യൽ മീഡിയ ഉപയോഗിക്കുമ്പോൾ, എന്നീ വിഷയങ്ങളെ സംബന്ധിച്ച് നടത്തപ്പെട്ട ക്ലാസിൽ വിശ്വാസം, പഠനം, സേവനം എന്നീ തലങ്ങളിൽ വിടർന്ന് പ്രശോഭിക്കാൻ പ്രചോദനം നൽകി. ക്രൈസ്തവ വിശ്വാസത്തിന്റെ വളർച്ച എന്ന വിഷയത്തെ സംബന്ധിച്ചുള്ള പാനൽ ഡിസ്കഷൻ കെ.സി.എസ്.എൽ. എന്ന സംഘടനയ്ക്ക് പുതിയ മുഖശോഭ സമ്മാനിച്ചു.

ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് 9 കുട്ടികൾ 2 അധ്യാപകർ എന്നിവർ സംബന്ധിച്ചു. കെ.സി.എസ്.എൽ. എന്ന പടക്കപ്പൽ ആധുനിക ലോകമാകുന്ന സമുദ്രത്തിലൂടെ ധീരമായി നയിക്കുവാൻ ഇടുക്കി രൂപത വെള്ളയാംകുടി സ്കൂളിലെ മാസ്റ്റർ ജെഫിൻ ജോജോ എന്ന വിദ്യാർത്ഥിയെ സ്റ്റേറ്റ് ചെയർമാനായി തിരഞ്ഞെടുത്തത് അഭിനന്ദനാർഹമാണ്. ഇടുക്കി രൂപതാ K.C.S.L. ന്റെ നേതൃനിരയിൽ ശോഭിക്കുന്ന ഡയറക്ടർ ഫാ. അമൽ മണിമലക്കുന്നേൽ, ആനിമേറ്റർ സി. സ്റ്റെല്ല S.H. മറ്റ് ഭാരവാഹികൾ എന്നിവരുടെ ആത്മാർത്ഥമായ സഹകരണവും പ്രവർത്തനവും ഈ സംഘടനയെ വിജയതീരത്തേക്ക്നയിക്കുന്നു.

## തിരുബാലസഖ്യം

### HC 15/24 യാത്രാമംഗളങ്ങൾ

കഴിഞ്ഞ മൂന്ന് വർഷക്കാലം തിരുബാലസഖ്യത്തിന്റെ രൂപതാ ഡയറക്ടറായി സേവനം ചെയ്ത കുഞ്ഞുങ്ങളുടെ പ്രിയപ്പെട്ട ജേക്കബ് മങ്ങാടംപിള്ളി അച്ചന്, 3 വർഷം അച്ചൻ ചെയ്ത സേവനങ്ങൾക്ക് തിരുബാലസഖ്യ കുടുംബത്തിന്റെ പ്രത്യേകിച്ച് എല്ലാ കുഞ്ഞുങ്ങളുടെയും ആനിമേറ്റേഴ്സിന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നു. അച്ചന്റെ സുത്യർഹമായ സേവനം സംഘടനയുടെ പ്രവർത്തനങ്ങൾക്ക് എന്നും ഊർജ്ജം ആയിരിക്കും. അച്ചന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾ ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

### HC 16/24 സ്വാഗതം

തിരുബാലസഖ്യത്തിന്റെ പുതിയ രൂപതാ ഡയറക്ടർ ആയി ഉത്തരവാദിത്വം ഏറ്റെടുത്ത അമൽ താണോലിൽ അച്ചന് തിരുബാലസഖ്യ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

### HC 17/24 പ്രവേശനോത്സവവും ശാഖാ തിരഞ്ഞെടുപ്പും

ജൂൺ 02 ഞായറാഴ്ച്ച അടിമാലി സെന്റ് ജൂഡ് ഫൊറോന ദൈവാലയത്തിൽ വച്ച് മിഷൻ ലീഗിന്റെയും തിരുബാലസഖ്യത്തിന്റെ

യും പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. അന്നേ ദിവസം തന്നെ, എല്ലാ ശാഖകളിലും പ്രവേശനോത്സവം നടത്താൻ എല്ലാ ആനിമേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## HC 18/24 ഫോട്ടോ സൺഡേ

ജൂൺ രണ്ട് പ്രവേശനോത്സവ ദിനമോ ജൂൺ എട്ടാം തീയതി ഞായറാഴ്ചയോ ഫോട്ടോ സൺഡേ ആയി ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഈ പ്രവർത്തന വർഷത്തിലെ കുട്ടികൾ ഇടവകയിലെ ബഹു. വൈദികരോടും ആനിമേറ്റേഴ്സിനോടും ഒപ്പം ഫോട്ടോ എടുക്കേണ്ടതാണ്. ഈ ഫോട്ടോ തിരുബാലസഖ്യത്തിന്റെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അയച്ചു നൽകേണ്ടതാണ്.

## HC 19/24 ദിവ്യകാരുണ്യ നാഥനോടൊത്ത്

ഈശോയുടെ തിരുഹൃദയത്തിന്റെയും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന്റെയും തിരുനാളിനോടനുബന്ധിച്ച് ജൂൺ 9-ാം തീയതി ഈ വർഷം ആദ്യകുർബാന സ്വീകരിച്ച എല്ലാ കുഞ്ഞുങ്ങളെ കാഴ്ച സമർപ്പണവും കുമ്പസാരിപ്പിച്ചൊരുക്കി ദിവ്യകാര്യണ്യ സ്വീകരണവും നടത്താൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

## HC 20/24 ജൂലൈ 13 ആനിമേറ്റേഴ്സ് മീറ്റ്

തിരുബാലസഖ്യത്തിലെ ആനിമേറ്റേഴ്സിന്റെ ഒരു മീറ്റിംഗ് ജൂലൈ 13 ന് നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ മീറ്റിംഗിൽ എല്ലാ ഇടവകകളിൽ നിന്നും തിരുബാലസഖ്യത്തിന്റെ ആനിമേറ്റേഴ്സായി പ്രവർത്തിക്കുന്നവരും പുതുതായി തിരഞ്ഞെടുക്കപ്പെട്ടവരും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് നൽകുന്നതാണ്

## HC 21/24 അറിയിപ്പുകൾ

1. ഉണ്ണീശോ കളരി മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികളാണ് തിരുബാലസഖ്യത്തിലെ അംഗങ്ങൾ
2. ശാഖയിൽ സൂക്ഷിക്കേണ്ട റെക്കോർഡുകൾ:
   അംഗത്വ രജിസ്റ്റർ, റിപ്പോർട്ട് ബുക്ക്, നാളാഗമം
3. ജൂൺ 2-ാം തിയതി ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതാണ്. ആൺകുട്ടികളുടെ ഭാഗത്ത് നിന്ന് പ്രസിഡന്റ്, പെൺകുട്ടികളുടെ ഭാഗത്ത് നിന്ന് വൈസ്പ്രസിഡന്റ ്.

## CML 31/24 മാനേജിംഗ് കമ്മിറ്റി മീറ്റിംഗും ഇലക്ഷനും

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ 2023-24 പ്രവർത്തന വർഷത്തെ രണ്ടാമത് മാനേജിംഗ് കമ്മറ്റി മീറ്റിംഗും 2024-27 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മെയ് മാസം 8-ാം തീയതി ബുധനാഴ്ച കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് പ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ നടത്തി. പ്രേഷിതാഞ്ജലി പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ CML ഇടുക്കി രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര സ്വാഗതം ആശംസിച്ചു. ജനറൽ സെക്രട്ടറി അമൽ ജോണി റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ മുഖ്യപ്രഭാഷണം നടത്തി. അദ്ധ്യക്ഷ പ്രസംഗത്തെത്തുടർന്ന് ഓർഗനൈസർ പുതിയ മാർഗരേഖ അവതരിപ്പിച്ചു. തുടർന്ന് ഓരോ മേഖലയുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി.

ദേശീയ വൈസ് ഡയറക്ടർ സി. ലിസ്നി എസ്.ഡി, ശ്രീ. ബെന്നി മുത്തനാട്ട് എന്നിവരുടെ മഹനീയ സാന്നിധ്യത്തിൽ നടന്ന 2024- 27 വർഷത്തേയ്ക്കുള്ള രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന്, CML സംസ്ഥാന സമിതി ഓർഗനൈസർ ശ്രീ. തോമസ് സെബാസ്റ്റ്യൻ (പ്രിസൈഡിംഗ് ഓഫീസർ) നേതൃത്വം നൽകി.

റവ. ഫാ. ഫിലിപ്പ് ഐക്കര (ഡയറക്ടർ), റവ. ഫാ. ജോബി പുളിക്കക്കുന്നേൽ (അസി. ഡയറക്ടർ), റവ. ഫാ. അമൽ താണോലിൽ (അസി. ഡയറക്ടർ), റവ. സി. സ്റ്റാർലെറ്റ് CMC (വൈസ് ഡയറക്ടർ) സെസിൽ ജോസ് (പ്രസിഡന്റ്), ആൻമരിയ ജോർജ് (വൈസ് പ്രസിഡന്റ്), മാർട്ടിൻ മാത്യു (സെക്രട്ടറി), അയോണ ജോഷി (ജോയിന്റ് സെക്രട്ടറി), ജെയിംസ് തോമസ് (ഓർഗനൈസർ), എന്നിവർക്കൊപ്പം അനിൽ ജോസ്, ലിജോ ജോണി, അമൽ ജോണി, ജെഫിൻ ജോജോ (റീജിയണൽ ഓർഗനൈസേഴ്സ്), ജോർജുകുട്ടി സെബാസ്റ്റ്യൻ, ബിനോയ് ജോസഫ്, അനിറ്റ ഷാജു (AKMC Members) എന്നിവർ ഇടുക്കി രൂപത ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയ്ക്ക് (2024-27) നേതൃത്വം നൽകും.

## CML 32/24 സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗും അധികാര കൈമാറ്റവും

മെയ് മാസം 19-ാം തീയതി ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതാ സമിതി, പ്രസിഡന്റ് ശ്രീ. ജോർജ്കുട്ടി സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ഇരട്ടയാർ ശാഖയിൽവച്ച് സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മീറ്റിംഗിൽ വച്ച് പഴയ സമിതിയിലെയും പുതിയ സമിതിയിലെയും അംഗങ്ങളുടെ സാന്നിധ്യത്തിൽ, നിയുക്ത പ്രസിഡന്റ് സെസിൽ ജോസിന് CML പതാക കൈമാറിക്കൊണ്ട്, മുൻപ്രസിഡന്റ് ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യൻ അധികാര കൈമാറ്റം നിർവഹിക്കുകയും, പുതിയ രൂപതാ സമിതി അംഗങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു.

## CML 33/24 സ്ഥാനാരോഹണവും സത്യപ്രതിജ്ഞയും

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയ്ക്ക് 2024-2027 കാലഘട്ടത്തിൽ നേതൃത്വം നൽകുന്നതിന് തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വം ഏറ്റെടുത്തു. മെയ് 19-ാം തിയതി ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്ന ഇടുക്കി രൂപത മതാധ്യാപക കൺവെൻഷൻ വേദി സാക്ഷ്യം വഹിച്ച സ്ഥാനാരോഹണച്ചടങ്ങിന് രൂപതാ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് ഐക്കര നേതൃത്വം നൽകി.

## CML 34/24 വാർഷിക റിപ്പോർട്ട് വിലയിരുത്തൽ

2023-2024 പ്രവർത്തന വർഷത്തെ ശാഖ, മേഖല വാർഷിക റിപ്പോർട്ടുകൾ മെയ് മാസം 19-ാം തിയതി Collect ചെയ്യുകയും വിലയിരുത്തൽ ആരംഭിക്കുകയും ചെയ്തു. വാർഷിക റിപ്പോർട്ടിന്റെയും ഈ പ്രവർത്തന വർഷത്തിൽ രൂപത ടീം നടത്തിയ സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മികച്ച ശാഖകളിലും, മേഖലകളിലും രൂപത ടീം ജൂൺ മാസത്തിൽ സന്ദർശനം നടത്തുകയും വാർഷിക റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നതാണ്.

## CML 35/24 അൾത്താര ബാലസംഗമം

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതയുടെയും, രൂപത വൊക്കേഷൻ ബ്യൂറോയുടെയും സംയുക്ത ആഭിമുഖ്യത്തിൽ, മെയ്

മാസം 28-ാം തീയതി, രൂപതയുടെ മൂന്ന് കേന്ദ്രങ്ങളിലായി അൾത്താര ബാലസംഗമം നടത്തി. അൾത്താര ശുശ്രൂഷ കൂടുതൽ കാര്യക്ഷമമാക്കുക, പൗരോഹിത്യ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തിയ അൾത്താര ബാലസംഗമത്തിന് ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ ടീമിനൊപ്പം, വൈദികരും രൂപതയിലെ വൈദിക വിദ്യാർഥികളും നേതൃത്വം നൽകി. പ്രോഗ്രാമിൽ നിരവധി അൾത്താര ബാലന്മാർ പങ്കെടുത്തു.

## CML 36/24 പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ്

2024-2027 കാലഘട്ടത്തിൽ ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയ്ക്ക് നേതൃത്വം നൽകാൻ തിരഞ്ഞെടുക്കപ്പെട്ട പുതിയ രൂപതാ സമിതിയുടെ പ്രഥമ എക്സിക്യൂട്ടീവ് മീറ്റിംഗ്, ജൂൺ ഒന്നാം തീയതി ശനിയാഴ്ച അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

## CML 37/24 പ്രവർത്തന വർഷ ഉദ്ഘാടനം

വിശ്വാസ പരിശീലനത്തിന്റെയും, ചെറുപുഷ്പ മിഷൻ ലീഗ് തിരുബാലസഖ്യം എന്നീ സംഘടനകളുടെയും 2024-2025 പ്രവർത്തന വർഷ ഉദ്ഘാടനം, രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിക്കുന്നതാണ്. അടിമാലി സെന്റ് ജൂഡ് ഫൊറോന ദൈവാലയത്തിൽ വച്ച് ജൂൺ 2-ാം തീയതി ഞായറാഴ്ചയായിരിക്കും പ്രവർത്തന വർഷ ഉദ്ഘാടനം നിർവഹിക്കപ്പെടുന്നത്.

# കെ.സി.വൈ.എം. (SMYM)

## KCYM 35/24 ഹൊറേബ് 2K24 യുവജന ധ്യാനം

ഇടുക്കി രൂപതയിലെ യുവജനങ്ങൾക്കായി ഏപ്രിൽ 13 മുതൽ 16 വരെ എല്ലക്കൽ സ്നേഹസദൻ ധ്യാനകേന്ദ്രത്തിൽ വച്ച് യുവജന ധ്യാനം സംഘടിപ്പിച്ചു. കെ.സി.വൈ.എം. ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജോസഫ് നടുപടവിൽ ധ്യാനത്തിന് നേതൃത്വം നൽകി.

## KCYM 36/24 NBCL Leadership Training

ബാംഗ്ലൂരിൽ വച്ച് നടത്തപ്പെട്ട NBCL ന്റെ 'A Synodal way of

Lay leadership' ട്രെയിനിങ്ങിൽ ഇടുക്കി രൂപതയിൽ നിന്നും കെ.സി. വൈ.എം. ഇടുക്കി രൂപതാ പ്രസിഡന്റ് ജെറിൻ ജെ. പട്ടാംകുളം, സംസ്ഥാന സെക്രട്ടറി മരീറ്റ തോമസ് എന്നിവർ പങ്കെടുത്തു.

### KCYM 37/24 ആലോചനാ യോഗം

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ എക്സി ക്യൂട്ടീവ് യോഗം രൂപത കാര്യാലയത്തിൽ വച്ച് നടത്തപ്പെട്ടു. വരും കാല പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സംഘടിപ്പിച്ചു.

### KCYM 38/24 LEAD ON ക്യാമ്പ്

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ലാറ്റിൻ അതിരൂപത ആതിഥേയത്വം നൽകിയ LEAD ON നേതൃത്വപരിശീലന ക്യാമ്പിൽ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രതിനിധികൾ പങ്കെടുത്തു.

### KCYM 39/24 AGNUS DEI- നേതൃത്വ പരിശീലന സെമിനാർ

കെ.സി.ബി.സി. യുവജന വർഷത്തോടനുബന്ധിച്ച് കെ.സി. വൈ.എം. ഇടുക്കി രൂപതയും കെ.സി.ബി.സി. വുമൺസ് കമ്മീഷനും സംയുക്തമായി മെയ് 12 ശനിയാഴ്ച അടിമാലി സോപാനം കൾച്ചറൽ സെന്ററിൽ വച്ച് യുവജനങ്ങൾക്കായി നേതൃത്വ പരിശീലന സെമി നാർ സംഘടിപ്പിച്ചു. രൂപതയിലെ മേഖലകളെ രണ്ടായി തിരിച്ചു കൊണ്ട് രാജാക്കാട് വെള്ളത്തൂവൽ കുഞ്ചിത്തണ്ണി മേഖല, മാങ്കുളം കൂമ്പൻപാറ മേഖല, പാറത്തോട് നെടുംകണ്ടം മേഖല എന്നീ മേഖല കൾക്കായാണ് സെമിനാർ നടത്തപ്പെട്ടത്. 3 മേഖലകളിൽനിന്നുമായി നിരവധി യുവജനങ്ങൾ സെമിനാറിൽപങ്കെടുത്തു

## ജീസസ് യൂത്ത് ഇടുക്കി സോൺ

### JY 51/24 പന്തക്കുസ്താ പരിശുദ്ധാത്മാഭിഷേക നവീകരണ ധ്യാനവും ജീസസ് യൂത്ത് കമ്മിറ്റ്മെന്റ് ഡേയും

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു" (റോമാ 5:5).

ക്രിസ്തുവിന്റെ സ്നേഹത്താൽ നിറഞ്ഞ് അവനുവേണ്ടി ഓടാൻ വിളിക്കപ്പെട്ടവരാണ് ഓരോ ജീസസ് യൂത്തും. ഈശോ നൽകിയ സഹായകനായ പരിശുദ്ധാത്മാവിൽ നിന്ന് ശക്തി സ്വീകരിച്ചാൽ മാത്രമേ മടുപ്പുകൂടാതെ സുവിശേഷവേല ചെയ്യാൻ സാധിക്കൂ. പന്തക്കുസ്താതിരുനാളിൽ ശ്ലീഹമാരുടെമേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്ന് അവരെ ശക്തിപ്പെടുത്തിയത് പോലെ ഓരോ ജീസസ് യൂത്തും പരിശുദ്ധാത്മാഭിഷേകത്താൽ നവീകരിക്കപ്പെടേണ്ടതുണ്ട്. പന്തക്കുസ്താ തിരുനാളിനോട് അനുബന്ധിച്ച് 25 ജീസസ് യൂത്ത് അംഗങ്ങൾ പന്തക്കുസ്താ ഒരുക്ക പരിശുദ്ധാത്മാഭിഷേക ധ്യാനത്തിൽ പങ്കെടുക്കുകയും, 32 ജീസസ് യൂത്ത് അംഗങ്ങൾ ഈശോയ്ക്കായി കമ്മിറ്റ്മെന്റ് എടുക്കുകയും 46 ജീസസ് യൂത്ത് അംഗങ്ങൾ തങ്ങളുടെ കമ്മിറ്റ്മെന്റ് പുതുക്കുകയും, 5 ജീസസ് യൂത്ത് അംഗങ്ങൾ റെഗുലർ കമ്മിറ്റ്മെന്റ് എടുക്കുകയും ചെയ്തു. മെയ് 16 മുതൽ 19 വരെ നെടുങ്കണ്ടം കരുണ റിട്രീറ്റ് സെന്ററിൽ വച്ചാണ് ധ്യാനം നടന്നത്.

## JY 52/24 സോണൽ ഹൗസ് ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ മെയ് മാസത്തിലെ ഹൗസ്ഹോൾഡ്, മെയ് 19 ന് നെടുങ്കണ്ടം കരുണാ ധ്യാനകേന്ദ്രത്തിൽ കമ്മിറ്റ്മെന്റ് ദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ടു. സോണൽ കൗൺസിൽ ടീം ഹൗസ് ഹോൾഡിന് നേതൃത്വം നൽകി, പന്തക്കുസ്താ ദിനം, പരിശുദ്ധാത്മാവിനായുള്ള ഒരുക്കം ഹൗസ്ഹോൾഡ് പഠനവിഷയം ആയിരുന്നു.

## JY 53/24 പ്രെയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിലും, രാജാക്കാട് ക്രിസ്തുരാജ് ദൈവാലയത്തിലും പാറത്തോട് സെന്റ് ജോർജ് ദൈവാലയത്തിലും സബ്സോൺ പ്രയർ ഗ്രൂപ്പുകൾ നടന്നുവരുന്നു.

## JY 54/24 Step One - Teens Meet

ജീസസ് യൂത്ത് കേരള ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'Step-one' എന്ന പ്രോഗ്രാം മെയ് മാസം 10-ാം തീയതി വൈകുന്നേരം 4 മണി മുതൽ പതിമൂന്നാം തീയതി രാത്രി 10 മണി വരെ കളമശ്ശേരി സെന്റ് പോൾസ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഈ വർഷം 9-ാം ക്ലാസിലേക്ക് കയറുന്ന കുട്ടികൾക്കായാണ്

ഈ പ്രോഗ്രാം നടത്തിയത്. നമ്മുടെ രൂപതയിൽ നിന്നും 35 കുട്ടികളും 5 വോളണ്ടിയേഴ്സും പ്രസ്തുത പ്രോഗ്രാമിൽ പങ്കെടുത്തു.

## JY 55/24 Focus: Meet Jesus ക്യാമ്പ്

ഇടുക്കി രൂപത വിശ്വാസ പരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന YES ട്രെയിനിങ് പ്രോഗ്രാമിലെ സെന്റ് മാത്യൂസ് ബാച്ചിലെ കുട്ടികൾക്കായി Focus എന്ന പേരിൽ Meet Jesus ക്യാമ്പിന് നേതൃത്വം നൽകി. പൈനാവ് അമൽജ്യോതി സ്പെഷ്യൽ സ്കൂളിൽ വച്ച് മെയ് മാസം 8 മുതൽ 11 വരെയാണ് ക്യാമ്പ് നടത്തപ്പെട്ടത്.

## JY 56/24 ഇടുക്കി ക്യാമ്പസ് മിനിസ്ട്രിയെ നയിക്കാൻ പുതിയ ടീം

ഇടുക്കി ക്യാമ്പസ് മിനിസ്ട്രി നയിക്കാനായി പുതിയ ടീം മെയ് മാസം 19-ാം തീയതി പന്തക്കുസ്താ തിരുനാളിന്റെ അന്ന് അഭിഷേകം ചെയ്യപ്പെട്ടു. ടീം അംഗങ്ങൾ ആന്റോ ജോജോ, ആൻമരിയ ചാക്കോ, ബിയമോൾ ബിനു, ഡെല്ല മരിയ, ജിജയ്, വീണ, വിദ്യ, ബ്ര. റിനീഷ്, എഡ്വിൻഎന്നിവരാണ്.

# മാതൃവേദി

## MV 17/24 യാത്രാമംഗളങ്ങൾ

കഴിഞ്ഞ ഒരു വർഷക്കാലം ഇടുക്കി രൂപത മാതൃവേദിയുടെ ഡയറക്ടറായി പ്രവർത്തിച്ചിരുന്ന ഡോ. മാർട്ടിൻ പൊൻപനാൽ അച്ചന് ഇടുക്കി മാതൃവേദി അംഗങ്ങൾ യാത്രയയപ്പ് നൽകി. കഴിഞ്ഞ ഒരു വർഷക്കാലം ഇടുക്കി രൂപതാ മാതൃവേദിക്ക് അച്ചൻ ചെയ്ത എല്ലാ സേവനങ്ങളെയും നന്ദിയോടെ സ്മരിക്കുന്നു. പുതിയ ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കാൻ ദൈവാനുഗ്രഹങ്ങൾ നേരുന്നു.

## MV 18/24 സ്വാഗതം

മാതൃവേദി രൂപതാ ഡയറക്ടറായി ചാർജ് ഏറ്റെടുത്തിരിക്കുന്ന ബഹുമാനപ്പെട്ട ജോസഫ് കാരിക്കൂട്ടത്തിൽ അച്ചനെ ഇടുക്കി മാതൃവേദി കുടുംബത്തിലേയ്ക്ക് ഹൃദ്യമായി സ്വാഗതംചെയ്യുന്നു.

## MV 19/24 2024–25 വർഷത്തിലെ ബൈബിൾ കൈയെഴുത്ത് മത്സരത്തിന്റെ ഭാഗങ്ങൾ

എസ്രാ, നെഹമിയ, തോബിത്ത്, യൂദിത്ത്, എസ്തേർ

10 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് വിശുദ്ധ മത്തായിയുടെ സുവിശേഷം 1 മുതൽ 14 വരെയുള്ളഅദ്ധ്യായങ്ങൾ.

## MV 20/24 രൂപതാതല 2024–25 പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും

മാതൃവേദിയുടെ പുതിയ പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും 2024 ജൂൺ 17 തിങ്കളാഴ്ച രാവിലെ 10.00 മണിയ്ക്ക് കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## MV 21/24 മാതൃവേദി ഇടുക്കി രൂപത കലാമത്സര വിജയികൾ

**1. പ്രസംഗം ജൂണിയർ**

First A grade : ആൽഫ മുരിക്കാശ്ശേരി
Second A grade : സൗമ്യ സെബാസ്റ്റ്യൻ നെടുങ്കണ്ടം & സുമി അഗസ്റ്റിൻ ഇരട്ടയാർ
Third A grade : അനുഷ ജെയിംസ് ചെമ്മണ്ണാർ

**2. പ്രസംഗം സീനിയർ**

First A grade : ഷൈല മാത്യു വെള്ളയാംകുടി
Second B grade : ബോബി ജോസ് പോൾ രാജകുമാരി
Third B grade : ലിസി സിബിച്ചൻ വാഴത്തോപ്പ്, & സെലിൻ മൈക്കിൾ നെടുങ്കണ്ടം

**3. ലളിതഗാനം ജൂണിയർ**

First A grade : ശോഭ ഷിജി മച്ചിപ്ലാവ്
Second A grade : ആനി റോസ് വെള്ളയാംകുടി
Third A grade : ജോസിയ കല്ലാർകുട്ടി & അലീഷാ പച്ചടി

**4. ലളിതഗാനം സീനിയർ**

First A grade : ഗ്ലാഡിസ് ആന്റോ ഉപ്പുതോട്
Second A grade : മിനി രാജു തങ്കമണി

Third B grade : ഷേർലി മനോജ് പാറത്തോട്
& ഗ്രേസികുട്ടി ഇരട്ടയാർ

**5. നാടോടി നൃത്തം ജൂണിയർ**

First A grade : റ്റീന ജിബിൻ തങ്കമണി, അഞ്ചുമോൾ എം.എസ്. മുരിക്കാശ്ശേരി & പിങ്കി എലിസബത്ത് രാജകുമാരി
Second A grade : അഞ്ചു നിഷ് ഇരട്ടയാർ
& സിനി അഗസ്റ്റിൻ കല്ലാർകുട്ടി
Third A grade : ഐഡ ലിൻസ് പെരിഞ്ചാംകുട്ടി
& ഷൈനി സുഭാഷ് തോപ്രാംകുടി

**6. നാടോടി നൃത്തം സീനിയർ**

First A grade : നിലീന സെബാസ്റ്റ്യൻ പൊന്മുടി
Second A grade : സിജി റോയ് പാറത്തോട്
& റീന ജോജോ ചിന്നാർ നിരപ്പ്
Third A grade : ബിന്ദു ബിജു ചുരുളി
& ഷൈനി ജോജോ വിമലഗിരി

**7. വചനം എഴുത്ത്**

First A grade : ദീപ്തി ഷിബു തങ്കമണി
Second A grade : ലിറ്റി ബേബി തോപ്രാംകുടി
Third A grade : അനു അറക്കൽ രാജകുമാരി

**8. ബൈബിൾ ക്വിസ് ജൂണിയർ**

First B grade : അനു ജയ്സൺ ചെമ്പകപ്പാറ
Second C grade : ജാൻസി ബിനോയ് മച്ചിപ്ലാവ്
Third C grade : വീനസ് സൈമി ജോസ്ഗിരി

**9. ബൈബിൾ ക്വിസ് സീനിയർ**

First A grade : ജിൻസി തങ്കമണി
Second B grade : എലിസബത്ത് നെടുങ്കണ്ടം & റോസമ്മ തങ്കമണി
Third B grade : മോളി കാൽവരിമൗണ്ട്

**10. മോണോ ആക്ട് ജൂണിയർ**

First A grade : അനു ജിതിൻ മുളകുവള്ളി

| | | |
|---|---|---|
| Second A grade | : | അലീഷാ പരപ്പിള്ളി പച്ചടി & ജിഷ ജോജോ നെടുങ്കണ്ടം |
| Third A grade | : | സാനിമോൾ ജോസഫ് മച്ചിപ്ലാവ് |

**11. മോണോ ആക്ട് സീനിയർ**

| | | |
|---|---|---|
| First A grade | : | റോസമ്മ വെള്ളയാംകുടി |
| Second A grade | : | മോൻസി ബിനോയി രാജകുമാരി |
| Third A grade | : | ജെസ്സി അജി വിമലഗിരി |

**12. സമൂഹ ഗാനം**

| | | |
|---|---|---|
| First A grade | : | ദൈവമാതാ ചർച്ച് രാജകുമാരി |
| Second B grade | : | സെന്റ് തോമസ് ചർച്ച് തങ്കമണി |
| Third B grade | : | സെന്റ് തോമസ് ചർച്ച് ഇരട്ടയാർ |

**13. മാർഗ്ഗം കളി**

| | | |
|---|---|---|
| First A grade | : | പാറത്തോട് |
| Second A grade | : | മച്ചിപ്ലാവ് |
| Third A grade | : | രാജകുമാരി |



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 50/24 ഇടുക്കി സോൺ :

### ശുശ്രൂഷകരുടെ സംഗമവും ആരാധനയും

മെയ് 5 ന് പാറത്തോട് സെന്റ് ജോർജ് ദൈവാലത്തിൽവച്ച് ഗ്രാൻഡ് കോൺഫറൻസിന് ഒരുക്കമായുള്ള ശുശ്രൂഷകരുടെ സംഗമവും ആരാധനയും നടന്നു.

## PG 51/24 ഗ്രാൻഡ് കോൺഫറൻസ്

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം ഇടുക്കി സോൺ സംഘടിപ്പിച്ച ഗ്രാൻഡ് കോൺഫറൻസ് 'റൂഹ 2024' മെയ് 10, 11, 12 തീയതികളിൽ പാറത്തോട് സെന്റ് ജോർജ് ഫൊറോന ദൈവാലത്തിൽ വച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപത ബിഷപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ വിശുദ്ധ കുർബാന അർപ്പിച്ച് ഉദ്ഘാടന സന്ദേശം നൽകി. ഏകദേശം 500 ൽ പരം ആളുകൾ മൂന്ന് ദിവസങ്ങളിലും രാവിലെ 9

മണി മുതൽ വൈകിട്ട് 4:30 വരെ നടന്ന ശുശ്രൂഷകളിൽ പങ്കെടുത്ത് പരിശുദ്ധാത്മ നിറവിൽ സ്വഭവനങ്ങളിലേക്ക് മടങ്ങി. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും (അപ്പ. പ്രവ. 1/8) എന്ന മുഖ്യപ്രമേയം ആസ്പദമാക്കി, റവ. ഡോ. ജോസഫ് കടുപ്പിൽ, ഫാ. ജെയിംസ് കക്കുഴി, ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ശ്രീ. ഇടുക്കി തങ്കച്ചായൻ, ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ, ശ്രീ. സാബു കോഴിക്കോട്ട്, ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ എന്നിവർ സഭാ നവീകരണം ആയി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസുകൾ നയിച്ചു.

## PG 52/24 പെന്തക്കുസ്താ ദിനാചരണം

"അഗ്നി ജ്വാലകൾ പോലുള്ള നാവുകൾ ഓരോരുത്തരുടെയും മേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു". (അപ്പ. പ്രവ. 2:34). മെയ് 19 ഞായർ ഉച്ചകഴിഞ്ഞ് നാലുമണി മുതൽ പാറത്തോട് സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് പെന്തക്കുസ്താ ദിനാചരണവും, പുനരർപ്പണ ശുശ്രൂഷകളും നടത്തി. നന്ദി, സ്തുതി, ആരാധന, വചന സന്ദേശം, അഭിഷേക ആരാധന മുതലായ ശുശ്രൂഷകളിൽ സോണൽ, സബ്സോണൽ മിനിസ്ട്രി സർവീസ് ടീമുകളോടൊപ്പം ഗ്രാൻഡ് കോൺഫറൻസിൽ പങ്കെടുത്ത ശുശ്രൂഷകരും പങ്കെടുത്തു. 150 പേർ പങ്കെടുത്ത ശുശ്രൂഷയിൽ പാറത്തോട് ഫൊറോനാ വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ക്ലാസുകൾ നയിച്ചു.

## PG 53/24 ജൂബിലേവൂസ് 2026

ജൂബിലേവൂസ് 2026 ആയിരം ദിന ഒരുക്ക പ്രാർത്ഥന പാറത്തോട് സെൻറ് ജോർജ് ദൈവാലയത്തിൽ വച്ച് നടന്നു. ഡയറക്ടർ റവ. ഫാ. ജോസഫ് നടുപടവിൽ നേതൃത്വം നൽകി.

## PG 54/24 മധ്യസ്ഥ പ്രാർത്ഥന

ജൂബിലേവൂസ് 2026 ന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി എല്ലാ സബ്സോണുകളിലും ആഴ്ചയിൽ ഒരു ദിവസം മധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. സോണിന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചതിരിഞ്ഞു രണ്ടു മണി മുതൽ 6 മണി വരെ മധ്യസ്ഥപ്രാർത്ഥന നടത്തുന്നു.

## PG 55/24 തുടർപരിശീലനം

വരദാന വളർച്ച ധ്യാനം കൂടിയവർക്കായുള്ള തുടർ പരിശീലനം കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തി.

## PG 56/24 ഓൺലൈൻ മധ്യസ്ഥ പ്രാർത്ഥന

എല്ലാ വ്യാഴാഴ്ചയും വൈകിട്ട് ഏഴു മുതൽ 8 മണി വരെ, സാന്താ മരിയ മിഷൻ കേന്ദ്രത്തെയും, രൂപതാ വൈദികരെയും, കുടുംബങ്ങളെയും സമർപ്പിച്ച് ഓൺലൈൻ മധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

## PG 56/24 കട്ടപ്പന സോൺ : പന്തക്കുസ്ത തിരുനാളാഘോഷം

കട്ടപ്പന സോണിന്റെ നേതൃത്വത്തിലുള്ള പന്തക്കുസ്ത തിരുനാളാഘോഷം തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ മെയ് 18 ശനിയാഴ്ച്ച വൈകീട്ട് 3:00 മണി മുതൽ 8:30 വരെ നടന്നു. സോണൽ ആനിമേറ്റർ ഫാ. ജോസഫ് കോയിക്കൽ, ശ്രീ. തോമസ് കുമളി, എന്നിവർ ശുശ്രൂഷകൾ നയിച്ചു. എഴു സബ്സോണുകളിലേയും പുതിയ സർവ്വീസ് ടീമുകളുടെ കമ്മീഷനിംഗും അഭിഷേക പ്രാർത്ഥനയും നടന്നു. പഴയ സബ് സോൺ കോർഡിനേറ്റർമാരെ ഉപഹാരം നൽകി ആദരിച്ചു. സോൺ കോർഡിനേറ്റർ ശ്രീ. സണ്ണി വരകുകാല, കുമളി സബ് സോൺ ആനിമേറ്റർ ഫാ. ജോസഫ് പുത്തൻപുര OSB, കട്ടപ്പന സബ് സോൺ ആനിമേറ്റർ ഫാ. ജോസ്മോൻ MSFS, എന്നിവരുടെ നേതൃത്വത്തിൽ സോണൽ സേവന സമിതി പരിപാടികൾക്ക് നേതൃത്വം നൽകി.

അണക്കര സബ്സോണിൽ 18-ാം തീയതി നടന്ന പന്തക്കുസ്ത ഒരുക്കത്തിന് ശ്രീ. രാജൻ കാഞ്ചിയാർ നേതൃത്വം നൽകി.

ഉപ്പുതറ സബ്സോണിൽ 19-ാം തീയതി ഉച്ചകഴിഞ്ഞ് പരപ്പ് ചാവറ ധ്യാന കേന്ദ്രത്തിൽ പന്തക്കുസ്ത ദിനാഘോഷവും ജപമാല റാലിയും നടന്നു. ആനിമേറ്റർ ഫാ. ജോൺസൺ പന്തലാനി CMI യും കോർഡിനേറ്റർ ശ്രീ. ജോസുകുട്ടി വലിയ പറമ്പിലും നേതൃത്വം നൽകി. ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ വചനസന്ദേശം നൽകി. കട്ടപ്പന സോണിന്റെ മുൻ ആനിമേറ്റർ ഫാ. എബ്രാഹം പുതിയത്ത് CMI യെ ആദരിച്ചു.

## PG 57/24 പുതിയ സബ് സോൺ സേവന സമിതികൾ

### കട്ടപ്പന സബ്സോൺ

1. തോമസ് ഇലന്തൂർ കട്ടപ്പന (കോർഡിനേറ്റർ)
2. തോമസ് വെട്ടിക്കുഴ കട്ടപ്പന
3. ദേവസ്യാച്ചൻ പേഴത്തുംമൂട്ടിൽ കട്ടപ്പന
4. സാബു ജോസ് കൊച്ചുകുറുപ്പാശേരിൽ വെള്ളയാംകുടി
5. അഗസ്റ്റിൻ ജോസഫ് മൈലാടൂർ കൽത്തൊട്ടി
6. അൽഫോൻസ അഗസ്റ്റിൻ തുരുത്തിയിൽ സ്വരാജ്
7. ഗ്രേസമ്മ അഗസ്റ്റിൻ മൈലാടൂർ കൽത്തൊട്ടി
8. റിറ്റാ ബെന്നി വേനമ്പടം വള്ളക്കടവ്
9. എ.ജെ. തോമസ് അടിച്ചിലാമാക്കൽ കട്ടപ്പന

### കല്ലാർ സബ്സോൺ

1. എം.സി. സോഫി മുല്ലൂർ എഴുകുംവയൽ (കോർഡിനേറ്റർ)
2. കെ.ജെ. സ്കറിയ കൊച്ചുപുരക്കൽ ചേമ്പളം
3. മാത്യു പി.ജെ. മാൻകുന്നേൽ മുണ്ടിയെരുമ
4. ജോയ് ജോസഫ് നെടുമറ്റം എഴുകുംവയൽ
5. മാനുവൽ പീസ്‌വില്ല പാമ്പാടുംപാറ
6. ബാബു മുല്ലൂർ കല്ലാർ മേരിഗിരി
7. സെലിൻ ജോയ് ഓരത്തേൽ രാമക്കൽമേട്
8. ഇറ്റാലിയ ജോസഫ് വെള്ളൂക്കുന്നത്ത് കല്ലാർ മലങ്കര
9. ബീന ആന്റണി പൂമലപറമ്പിൽ രാമക്കൽമേട്

### ഇരട്ടയാർ സബ്സോൺ

1. റ്റോജോ തൈശേരിൽ തങ്കമണി (കോർഡിനേറ്റർ)
2. സജി കാക്കാനിയിൽ ഇരട്ടയാർ
3. വർക്കി മൈലാടുംപാറ ഇരട്ടയാർ
4. മനോജ് മൈക്കിൾ മടിക്കാങ്കൽ കാൽവരി മൗണ്ട്
5. റോയി ഒരപ്പുരക്കൽ കാമാക്ഷി
6. ടോമി കാട്ടാംപ്ലാക്കൽ വാഴവര
7. ആലീസ് മാത്യു കുന്നപ്പള്ളിൽ സ്നേഹഗിരി
8. മോളി സാബു കാട്ടാത്തിയിൽ ശാന്തിഗ്രാം
9. ബിജി സിബി മണ്ണാത്ത് ഇരട്ടയാർ

**നെടുങ്കണ്ടം സബ്സോൺ**

1. സിബിച്ചൻ ചിരട്ടയോലിൽ പൊന്നാമല (കോർഡിനേറ്റർ)
2. റോബിൻ കെ.ജെ. കല്ലുകുഴിയിൽ പാലാർ
3. മാത്യു മുളശേരിൽ ചെമ്മണ്ണാർ
4. ജോണി ചിറ്റടിയിൽ കല്ലുപാലം
5. മേരിക്കുട്ടി പോൾ അറക്കൽ പുഷ്പക്കണ്ടം
6. ലീലാമ്മ മാത്യു പുതുപറമ്പിൽ നെടുങ്കണ്ടം
7. മേരി വർഗ്ഗീസ് പ്ലാമൂട്ടിൽ നെടുങ്കണ്ടം
8. കുര്യാച്ചൻ വള്ളിക്കാട്ടിൽ കല്ലുപാലം
9. ബൈജു വിലങ്ങുപാറയിൽനെടുങ്കണ്ടം

## PG 58/24 പുതിയ സർവ്വീസ് ടീമിന്റെ പരിശീലനം

കട്ടപ്പന സോണിലെ ഏഴു സബ്സോണുകളിലേയും തിരഞ്ഞെടുക്കപ്പെട്ട സർവ്വീസ് ടീം അംഗങ്ങളുടെ ഒന്നാംഘട്ട ഒത്തുചേരലും പരിശീലനവും ജൂൺ ശനിയാഴ്ച രാവിലെ 9:30 മുതൽ 4.00 വരെ തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടക്കും. തിരഞ്ഞെടുക്കപ്പെട്ട എല്ലാവരും കൃത്യസമയത്ത് എത്തിചേരണമെന്ന് സോൺ ആനിമേറ്റർ ഫാ. ജോസഫ്അറിയിച്ചു.

## PG 59/24 പൗരോഹിത്യ സുവർണ ജൂബിലിയാഘോഷം

നീണ്ട മുപ്പതു വർഷത്തോളം സംയുക്ത ഹൈറേഞ്ച് സോണിനേയും, കട്ടപ്പന സോണിനേയും ആനിമേറ്ററായി നയിച്ച ബഹു. എബ്രാഹം പുതിയാത്ത് CMI അച്ചന്റെ പൗരോഹിത്യ സുവർണ ജൂബിലി ഇടുക്കി കട്ടപ്പന സോണുകൾ സംയുക്തമായി ആഘോഷിച്ചു. മെയ് 23 വ്യാഴാഴ്ച വൈകിട്ട് അഞ്ചിന് ദിവ്യബലിയോടെ ആരംഭിച്ച പരിപാടികളിൽ മുൻ കേരളാ സേവന സമതി അദ്ധ്യക്ഷൻമാരായിരുന്ന ഫാ. ജയിംസ് കക്കുഴി, ഫാ. ജോസ് നരിതൂക്കിൽ, ദേശീയ സേവന സമിതി അംഗം ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ. ശ്രീ. വി. വി. അഗസ്റ്റിൻ, ഇടുക്കി, കട്ടപ്പന സോണുകളിലെ വിവിധ കാലങ്ങളിലെ സേവന സമിതി അംഗങ്ങൾ തുടങ്ങി നിരവധിയാളുകൾപങ്കെടുത്തു.

## PG 60/24 മദ്ധ്യസ്ഥ പ്രാർത്ഥന

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച്ച ആമയാർ OCD ആശ്രമത്തിലും, ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും

പരപ്പ് ധ്യാന കേന്ദ്രത്തിലും, കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും, കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ച്ചയും, കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

## PG 61/24 സബ് സോൺ സെമിനാറുകൾ

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ ഒരു മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു. കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽവാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു. കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും, കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും, കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും, ഇരട്ടയാർ സബ് സോൺ സെമിനാർ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ 2 വരെ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിലും, നെടുങ്കണ്ടം സബ്സോൺ സെമിനാർ എല്ലാ മൂന്നാം ശനിയാഴ്ച്ചയും രാവിലെ 9:30 മുതൽ 2 വരെ കരുണാ ധ്യാനകേന്ദ്രത്തിലുംനടക്കുന്നു.

## PG 62/24 ജൂബിലേവൂസ്-2026

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയാഘോഷത്തിന്റെ സഹസ്രദിന പ്രാർത്ഥനാ ഒരുക്കം കട്ടപ്പന സോണിൽ എല്ലാ മാസവും 9-ാം തീയതി നടക്കും, മെയ് മാസത്തിലെ ശുശ്രൂഷ കുമളി എയ്ഞ്ചൽവാലി ധ്യാനകേന്ദ്രത്തിൽ നടന്നു സോണൽ സർവ്വീസ് ടീംനേതൃത്വംനൽകി.

## PG 63/24 ശിഷ്യത്വ പരിശീലനം

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ പരിശീലനത്തിന്റെ പതിനൊന്നാമത്തെ ക്ലാസ് മെയ് 23 വൈകീട്ട് 6 മുതൽ 9.30 വരെ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചായൻ) ക്ലാസ് നയിച്ചു. അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ. ജോർജ് കുമ്പിളുമൂട്ടിൽ ക്ലാസെടുക്കും.

## കത്തോലിക്കാ കോൺഗ്രസ്

### AKCC 22/24 106-ാം ജന്മദിന വാർഷികം

കത്തോലിക്കാ കോൺഗ്രസ് 106-ാം ജന്മദിന വാർഷികം പാലാ രൂപതയുടെ ആതിഥേയത്വത്തിൽ അരുവിത്തുറയിൽ വച്ച് നടത്തപ്പെട്ടു.

പതിനായിരങ്ങൾ പങ്കെടുത്ത റാലിയിലും പെതുസമ്മേളനത്തിലും ഇടുക്കി രൂപതയിൽ നിന്നും മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

### AKCC 23/24 നന്ദി

കഴിഞ്ഞ കാലഘട്ടങ്ങളിൽ കത്തോലിക്കാ കോൺഗ്രസിനെ ആവേശത്തോടെ മുന്നിൽ നിന്ന് നയിച്ച പ്രിയ ബഹുമാനപ്പെട്ട രൂപതാ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ഇടവക്കണ്ടത്തിന് കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപത സമിതിയുടെ ഹൃദ്യമായ നന്ദി.

### AKCC 24/24 സ്വാഗതം

കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ ഡയറക്ടർ ആയി ചുമതലയേൽക്കുന്ന സ്നേഹ ബഹുമാനപ്പെട്ട ജോസഫ് പാലക്കുടിയിലച്ചന് ഹൃദ്യമായസ്വാഗതം.

## ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

### GSP 08/24

28/4/2024 ഞായറാഴ്ച രാവിലെ 11 മണിയ്ക്ക് പനംകൂട്ടിയിൽ വിളിച്ചു ചേർത്ത മീറ്റിങ്ങിൽ ഗുഡ് സമരിറ്റൻ പാലിയേറ്റീവ് പനംകൂട്ടി യൂണിറ്റിന് ആരംഭം കുറിച്ചു. വികാരി ഫാ. ലിബിൻ മനക്കലേട്ട് ആമുഖ സന്ദേശം നൽകിയ യോഗത്തിൽ വച്ച് ഡയറക്ടർ ഫാ.

സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം നടത്തി. സോഷ്യൽ വർക്ക് മധ്യപ്രദേശ് റീജിയണൽ ഡയറക്ടർ ഫാ. ഷിന്റോ പൊരിമറ്റം സാന്ത്വന പരിചരണ ശുശ്രൂഷയുടെ കാലിക പ്രാധാന്യത്തെ വിശദീകരിച്ചു. സെൻട്രൽ കമ്മറ്റി അംഗങ്ങളായ റോബർട്ട് കണ്ണഞ്ചിറ, സാബു ചൂരത്തൊട്ടി, മിനി പൊന്നമ്പൽ, എന്നിവർ അനുഭവങ്ങൾ പങ്കിട്ടു. സി. റോസിൻ റോസ് എഫ്.സി.സി., സി. അൽബീന സി.എസ്.എൻ. എന്നിവർ പരിശീലനം നൽകി. സിസ്റ്റേഴ്സ് അടക്കം ഇരുപത്തഞ്ചോളം പേര്പങ്കെടുത്തു.

## ആത്മജ്യോതി

### A.J. 08/24 ആത്മജ്യോതി പാസ്റ്ററൽ സെന്റർ അടിമാലി

2024 ജൂൺ മാസത്തിലെ മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് 07, 08, 09 ( വെള്ളി, ശനി, ഞായർ) തീയതികളിലായി നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

www.atmajyothi.site

6235931254, 8078755919, 9447413328

### A.J. 09/24 ആത്മജ്യോതി ജർമ്മൻ ഇൻസ്റ്റിറ്റ്യൂട്ട്അടിമാലി

പുതിയ A1 & A2 ബാച്ചുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ക്ലാസുകൾ 2024 ജൂൺ 26 മുതൽ ആരംഭിക്കുന്നു. സീറ്റുകൾ പരിമിതം. അഡ്മിഷൻ എടുക്കുവാൻ ആഗ്രഹിക്കുന്നവർ ഉടൻ തന്നെ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്.

www.atmajyothi.site

9447413328, 9207184795

## കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

### KAC. 27/24 ശനിയാഴ്ച കൺവെൻഷൻ

ജൂൺ മാസത്തിലെ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 4:30 മുതൽ രാത്രി 8:30 വരെ ആരാധനയും ശുശ്രൂഷകളും നടത്തപ്പെടുന്നു.

### KAC. 28/24 കുട്ടികളുടെ ഏകദിന കൺവെൻഷൻ

ജൂൺ മാസം രണ്ടാം ശനിയാഴ്ച (08/06/2024) കുട്ടികൾക്കുള്ള അധ്യയന വർഷാരംഭ ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. (സമയം 09.30 am - 01.30 pm) ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. കുട്ടികൾക്ക് കുമ്പസാരത്തിനും കൗൺസിലിങ്ങിനും ഉള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

### KAC. 29/24 കൗൺസിലിംഗ്

ജൂൺ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 3:30 വരെ കൗൺസിലിങ്ങിനുള്ള സൗകര്യമുണ്ടായിരിക്കുന്നതാണ്.

## പ്രവാസി അപ്പോസ്തലേറ്റ്

### PA. 02/24

ഇടുക്കി രൂപതയിൽ നിന്നും വിദേശ രാജ്യങ്ങളിൽ പഠിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന രൂപതാംഗങ്ങളുടെ ക്ഷേമത്തിനായി സ്ഥാപിതമായ ഇടുക്കി രൂപതാ പ്രവാസി അപ്പോസ്തലേറ്റ് കഴിഞ്ഞ ആറ് മാസം കൊണ്ട് അദ്ഭുതപൂർവമായ വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. 32 രാജ്യങ്ങളിലായി 850 ഓളം അംഗങ്ങളാണ് പ്രവാസി അപ്പോസ്തലേറ്റ് കമ്മ്യൂണിറ്റിയിൽ ഉള്ളത്. താഴെ പറയുന്ന രാജ്യങ്ങളിൽ അതത് രാജ്യങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനായി എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിൽവന്നു.

1. ന്യൂസിലൻഡ്
2. UAE
3. ജർമ്മനി
4. ഒമാൻ
5. കുവൈറ്റ്
6. മാൾട്ട
7. ഇസ്രായേൽ
8. UK
9. കാനഡ
10. അയർലണ്ട്
11. സൗദി അറേബ്യ

## PA. 03/24

ഇനിയും ധാരാളം ഇടവകകളിൽ നിന്നും പ്രവാസികളുടെ ലിസ്റ്റ് ലഭിക്കാൻ ഉണ്ട്. ബഹുമാനപ്പെട്ട വികാരി അച്ചന്മാർ തങ്ങളുടെ ഇടവകകളിൽ നിന്നുള്ള പ്രവാസികളുടെ വാട്ട്സ്ആപ്പ് നമ്പർ അടങ്ങിയ ലിസ്റ്റോ അതിന്റെ ഫോട്ടോയോ 9633166984 എന്ന വാട്ട്സ്ആപ്പ് നമ്പറിൽ അയച്ചു തന്ന് സഹകരിക്കുമല്ലോ.

ഡയറക്ടർ



# വിൻസെന്റ് ഡി പോൾ സൊസൈറ്റി

## ഇടുക്കി രൂപതാ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 2023-24 വർഷത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരങ്ങൾ

### I. വരവ് ചെലവ് കണക്ക്

**വരവ്**

| | |
|---|---|
| പ്രവർത്തകാംഗങ്ങൾ നൽകിയ സംഭാവന (രഹസ്യപിരിവ്) | : 3206668 |
| സഹായാംഗങ്ങൾ നൽകിയ സംഭാവന | : 1561094 |
| പ്രാദേശിക പിരിവ് | : 2993701 |
| പ്രത്യേക നിയോഗാർത്ഥം ലഭിച്ച സംഭാവന | : 4710764 |
| മറ്റിനം (പാലിയേറ്റീവ്, ബത്‌ലഹേം കാരിത്താസ്, ഓസ്സാനം റിലീഫ് ഫണ്ട്, സെമിനാരി ഫണ്ട് etc.) | : 1060284 |
| വിദേശ സഹായം (സ്കോളർഷിപ്പ്, ട്രിന്നിംഗ് etc.) | : 993280 |
| **ആകെ** | **: 14525791** |

**ചെലവ്**

| | |
|---|---|
| ആകെ ദത്തുകുടുംബ സഹായം | : 4049504 |
| ചികിത്സാ സഹായം | : 1689817 |
| വിദ്യാഭ്യാസ സഹായം, സ്കോളർഷിപ്പ് | : 303200 |
| പ്രത്യേക നിയോഗം സഹായം | : 4339138 |
| മറ്റ് സഹായങ്ങൾ (ബത്‌ലഹേം കാരിത്താസ്, വിവാഹ സഹായം, കോവിഡ് സഹായം, വീട് മെയിന്റൻസ് etc.) | : 2971459 |
| മറ്റിനം (NC & CG Fund, ബുള്ളറ്റിൻ, ഡയറി, അച്ചടി etc.) | : 1146414 |
| **ആകെ** | **: 14499532** |

## II. സ്ഥിതിവിവര കണക്ക്

| | |
|---|---|
| 1. ആകെ കോൺഫ്രൻസുകൾ | : 97 |
| 2. ആകെ പ്രവർത്തകാംഗങ്ങൾ | : 773 |
| 3. വനിതാ കോൺഫ്രൻസുകൾ | : 9 |
| 4. മിക്സഡ് കോൺഫ്രൻസുകൾ | : 25 |
| 5. പുരുഷന്മാരുടെ കോൺഫ്രൻസുകൾ | : 63 |
| 6. വനിതകൾ | : 119 |
| 7. യുവജനങ്ങൾ | : 29 |
| 8. സഹായാംഗങ്ങൾ (മാസം തോറും നിശ്ചിത തുക തന്ന് സഹായിക്കുന്നവർ) | : 580 |
| 9. ദത്തുകുടുംബങ്ങൾ (സ്ഥിരമായി സഹായം കൊടുക്കുന്ന കുടുംബങ്ങൾ) | : 432 |
| 10. കൗദാശിക ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരപ്പെട്ടവർ | : 25 |
| 11. തൊഴിൽ നൽകപ്പെട്ടവർ | : 35 |
| 12. ചികിത്സാ സഹായം സ്വീകരിച്ചവരുടെ എണ്ണം | : 694 |
| 13. രോഗീ സന്ദർശനം | : 68,015 |

## ആനവാതിലുകൾ രാജകീയമായി തുറക്കപ്പെടും

2024 ലെ ക്രിസ്തുമസ് രാവിൽ വി. പത്രോസിന്റെ ബസിലിക്കയുടെ വാതിലുകൾ തുറക്കപ്പെടുന്നതോടുകൂടി ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമാവുമെന്ന് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് ഡിസംബർ 29 ന് റോമിലെ കത്തീഡ്രലായ സെന്റ് ജോൺ ലാറ്ററൻ ആർച്ച് ബസിലിക്കയുടെ വിശുദ്ധ കവാടങ്ങളും മാർപാപ്പ തുറന്നു കൊടുക്കും. അന്നേ ദിവസം ലോകത്തെമ്പാടുമുള്ള കത്തീഡ്രലുകളിലും ഉപകത്തീഡ്രലുകളിലും മെത്രാന്മാർ ദിവ്യബലിയർപ്പിച്ചു കൊണ്ട് ജൂബിലിക്ക് സ്വാഗതമരുളും. 2025 ജനുവരി ഒന്നാം തീയതി സെന്റ് മേരി മേജർ ബസിലിക്കയുടെ ആനവാതിലുകളും ജനുവരി 5 ഞായറാഴ്ച പ്രത്യക്ഷീകരണ ജാഗരണത്തോടനുബന്ധിച്ച്, റോമാ നഗരമതിലുകൾക്കു പുറത്തുള്ള വിശുദ്ധ പൗലോസിന്റെ ബസിലിക്കയുടെ ആനവാതിലുകളും തുറക്കപ്പെടും. 'ജൂബിലി വർഷം മുന്നോട്ടു പോകവെ,' "ദൈവാനുഗ്രഹത്തിലുള്ള പ്രത്യാശയുടെ പ്രഘോഷണമായും കാര്യക്ഷമതയുടെ അടയാളങ്ങളായും മുഴുവൻ ദൈവജനവും ആഘോഷങ്ങളിൽ പൂർണമായും പങ്കെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് ഉണ്ടാവേണ്ടതെന്ന്" ഫ്രാൻസിസ് മാർപാപ്പ രേഖപ്പെടുത്തി. 2025 ജനുവരി 6 ന്, പ്രത്യക്ഷീകരണ തിരുനാൾ വേളയിൽ, വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ആനവാതിലുകൾ അടയ്ക്കപ്പെടുന്നതോടുകൂടിയാണ് റോമിലെ ജൂബിലി ആഘോഷങ്ങൾക്ക് പരിസമാപ്തിയാകുന്നത്.

## സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബ്ബാനയോടു ഗുരുതരമായ ബഹുമാനക്കേട് കാണിക്കുന്നത് ക്രൈസ്തവ വിശ്വാസവുമായി പൊരുത്തപ്പെടുന്നതല്ല : ഫ്രാൻസിസ് പാപ്പാ

സീറോ-മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടതിനു ശേഷം ആദ്യമായി റോമിൽ സന്ദർശനത്തിനെത്തിയ മാർ റാഫേൽ തട്ടിലും സംഘവും റോമിലുള്ള സീറോ

മലബാർ സഭയുടെ പ്രതിനിധികളോടൊപ്പം മെയ് 13 തിങ്കളാഴ്ച പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. സന്ദർശനത്തിനെത്തിയ പിതാക്കന്മാർക്ക് നൽകിയ സന്ദേശത്തിൽ, സീറോ മലബാർ സഭയുടെ വിശ്വാസത്തിന്റെ പുരാതന വേരുകളെക്കുറിച്ച് സംസാരിച്ച പാപ്പാ, സഭയിലെ ഐക്യത്തിനു വേണ്ടി പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിക്കാൻ ആവശ്യപ്പെട്ടു. അപ്പസ്തോലനായ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിൽ വേരൂന്നിയ സ്വയം ഭരണാവകാശമുള്ള സ്വതന്ത്ര സഭയായ സീറോ-മലബാർ സഭയുടെ വിശ്വാസ തീക്ഷ്ണതയും ഭക്തിയും ശ്ലാഘിച്ച ഫ്രാൻസിസ് പാപ്പാ അവർ നേരിട്ടതും നേരിട്ടുകൊണ്ടിരിക്കുന്നതുമായ ചരിത്രപരമായ ബുദ്ധിമുട്ടുകളിൽ പത്രോസിന്റെ പിൻഗാമിയോടൊപ്പം വിശ്വസ്തരായി നിന്നതിൽ സന്തോഷം പ്രകടിപ്പിച്ചു. എല്ലാം ഉടനെ ഉപയോഗപ്രദമാവണമെന്നതിന്റെ വെളിച്ചത്തിൽ പഴമയുമായുള്ള നമ്മുടെ ബന്ധത്തിന്റെ വേരുകളെ അപകടപ്പെടുത്തുന്ന ഇന്നത്തെ കാലത്ത് സീറോ മലബാർ സഭയുടെ തനതായതും അമൂല്യവുമായ ചരിത്രവും പ്രത്യേക പൗരസ്ത്യ പാരമ്പര്യവും സഭയുടെ ജീവിതത്തിന് ഒഴിച്ചു കൂടാനാവാത്ത ഒരു സമ്പന്നതയാണ് എന്ന്പാപ്പാപറഞ്ഞു.

## താമരശ്ശേരി സാന്തോം സ്റ്റഡി സെന്ററിൽ വിവിധ ബൈബിൾ കോഴ്സുകൾ

എം.എസ്.ടി. വൈദികരുടെ നേതൃത്വത്തിൽ കോഴിക്കോട് താമരശ്ശേരിയിലുള്ള സാന്തോം സ്റ്റഡി സെന്ററിൽ വിവിധ വിഭാഗങ്ങളിലുള്ളവർക്കായി വ്യത്യസ്തങ്ങളായ ബൈബിൾ പഠന പരിശീലന കോഴ്സുകൾ നടത്തപ്പെടുന്നു. വിശ്രമ ജീവിതം നയിക്കുന്നവർക്കും, സിസ്റ്റർമാർക്കും, വൈദികർക്കും, വേദപാഠ അധ്യാപകർക്കും, ജോലി കാത്തിരിക്കുന്ന അഭ്യസ്തവിദ്യർക്കും ഒക്കെ വേണ്ടി വ്യത്യസ്തങ്ങളായ കോഴ്സുകൾ ക്രമീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക. ഫാ. സെബാസ്റ്റ്യൻ കിഴക്കേയിൽ.
ഫോൺ :9539046005

# വൈദികരുടെ വാർഷിക ധ്യാനത്തിന്റെ വിജയത്തിനായുള്ള പ്രാർത്ഥന

*"നീതി ജലം പോലെ ഒഴുകട്ടെ; സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോസ് 5:24).*

**പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു, അങ്ങേയ്ക്ക് നന്ദി പറയുന്നു. അങ്ങ് ഞങ്ങൾക്കായി ഒരുക്കുന്ന എല്ലാ അനുഗ്രഹങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ഇടുക്കി രൂപതയിലെ എല്ലാ വൈദികരേയും അങ്ങയുടെ തൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ജൂലൈ മാസത്തിൽ നടക്കുന്ന വൈദികർക്കായുള്ള വാർഷികധ്യാനത്തിന്റെ വിജയത്തിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ധ്യാനം നയിക്കുന്ന അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവിനെയും, ധ്യാനത്തിൽ പങ്കെടുക്കുന്ന എല്ലാ വൈദികരേയും പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ നിറയ്ക്കേണമേ. ധ്യാന ശുശ്രൂഷകളേയും അതിനായുള്ള എല്ലാ ക്രമീകരണങ്ങളേയും ആശീർവ്വദിക്കണമേ. ഒരു പുതിയ പന്തക്കുസ്ത അനുഭവം ഞങ്ങളുടെ അജപാലകരിൽ നിറച്ച് അതുവഴി ഞങ്ങളുടെ ഇടവകയെയും, രൂപതയെയും അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും ആമ്മേൻ.**

**1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.**



ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപത
2024 -2027 പ്രവർത്തനവർഷ ഭാരവാഹികൾ



ഇരട്ടയാറിൽ വെച്ച് നടന്ന ഇടുക്കി രൂപതാ മതാധ്യാപക കൺവെൻഷൻ
മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു



വൈദികരുടെ സ്റ്റഡി ഫോറം - ആത്മജ്യോതി പാസ്റ്ററൽ സെന്റർ അടിമാലി

Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/06/2024

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498



പുതിയതായി കൂദാശ ചെയ്ത നാലുമുക്ക് നസ്രത്തുഗിരി ഹോളി ഫാമിലി ചർച്ച്



## പ്രാർത്ഥനാ നിയോഗം ജൂൺ 2024

യുദ്ധംമൂലമോ ദാരിദ്ര്യംമൂലമോ വീടും നാടും ഉപേക്ഷിച്ച്
ദുരിതങ്ങൾ പേറി യാത്രയാകേണ്ടിവരുന്ന അഭയാർത്ഥികൾക്ക് അവർ
എത്തിച്ചേരുന്ന രാജ്യങ്ങളിൽ സ്വീകാര്യതയും
അവസരങ്ങളും ഉണ്ടാകാൻവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602